21
ശനി
ജനുവരി 2023
1198 മകരം 07
Vol0 5 Issue No.113

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com




## ഐഎസ്ആർഒ ചാരക്കേസ് ഗൂഢാലോചനയിൽ ആറ് പ്രതികൾക്ക് മുൻകൂർ ജാമ്യം

**കൊച്ചി :** ഐഎസ്ആർഒ ചാരക്കേസിലെ ഗൂഢാലോചനക്കേസിൽ സിബിഐക്ക് തിരിച്ചടി. മുൻ ഡിജിപി സിബി മാത്യൂസ് അടക്കം ആറ് പ്രതികൾക്ക് ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. ഒന്നാം പ്രതി വിജയൻ, രണ്ടാം പ്രതി തമ്പി എസ് ദുർഗാദത്ത്, പതിനൊന്നാം പ്രതിയും മുൻ ഐബി ഉദ്യോഗസ്ഥനുമായ പി എസ് ജയപ്രകാശ്, മുൻ ഡിജിപി സിബി മാത്യൂസ്, ആർ ബി ശ്രീകുമാർ, വി കെ മൈന അടക്കമുള്ളവർക്കാണ് ജാമ്യം അനുവദിച്ചത്. ജസ്റ്റിസ് കെ ബാബുവിന്റെ ബെഞ്ചാണ് കേസ് പരിഗണിച്ചത്. ഓരോ പ്രതികളും നൽകിയ പ്രത്യേക ജാമ്യ ഹർജി പരിഗണിച്ചാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്.
പ്രമുഖ ശാസ്ത്രജ്ഞരെ കള്ളകേസിൽ കുടുക്കി അറസ്റ്റ് ചെയ്തത് നിയമ വിരുദ്ധമായാട്ടിണെന്നും സിബി മാത്യൂസ് അടക്കമുള്ള പ്രതികളെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടതുണ്ടെന്നും മുൻകൂർ ജാമ്യം അനുവദിക്കരുതെന്നുമാണ് സിബിഐ ഹൈക്കോടതിയിൽ വാദിച്ചത്. പ്രതികൾക്ക് നേരത്തെ ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയിരുന്നെങ്കിലും സുപ്രീം കോടതി റദ്ദാക്കുകയായിരുന്നു. വീണ്ടും വാദം കേട്ട് മുൻകൂർ ജാമ്യഹർജിയിൽ തീരുമാനം എടുക്കാൻ സുപ്രീംകോടതി നിർദേശിച്ചിരുന്നു.

## ഭക്ഷ്യസുരക്ഷാ പരിശോധനക്ക് ഇനി സ്പെഷ്യൽ ടാസ്ക് ഫോഴ്സ്; അഞ്ചംഗ സംഘത്തെ നിയമിച്ച് ഉത്തരവായി



**തിരുവനന്തപുരം:** സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്കായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിച്ച് ഉത്തരവിട്ടതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് ഉണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായി തന്നെ തടയുന്നതിനായി രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായാണ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചത്. ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, 2 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ, ക്ലാർക്ക് എന്നിവരാണ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിലുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ ചുമതല

1. ഭക്ഷ്യവിഷബാധ, ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ, അവയുടെ ഉത്പാദക കേന്ദ്രങ്ങൾ, വിപണന മാർഗങ്ങൾ എന്നിവ സംബന്ധിച്ച് പഠിച്ച് അവ ഉണ്ടാകാതിരിക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകൽ.
2. ഭക്ഷ്യവിഷബാധ ഉണ്ടായാൽ അവ പെട്ടെന്ന് നിയന്ത്രിക്കാനുള്ള ഇടപെടൽ, അന്വേഷണം, റിപ്പോർട്ട് ചെയ്യൽ, പ്രവർത്തനം ഏകോപിപ്പിക്കൽ എന്നിവ.
3. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, നിലവാരമില്ലാത്ത ഭക്ഷ്യ എണ്ണ, നെയ്യ് എന്നിവ ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കൽ, അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടിക്ക് നിർദ്ദേശം നൽകൽ, വ്യാജ ഓർഗാനിക്ക് ഉത്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ, വിൽപന എന്നിവ കണ്ടെത്തി നടപടി സ്വീകരിക്കൽ, ഹെൽത്ത് സപ്ലിമെന്റ്, ഫുഡ് സപ്ലിമെന്റ് എന്നിവയുടെ നിർമ്മാണ രീതികളെകുറിച്ചുള്ള അന്വേഷണം തുടങ്ങി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കുകയും ആവശ്യമായ വിവരങ്ങൾ കമ്മീഷണർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യൽ, സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന ഭക്ഷണത്തെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ അന്വേഷണവും നടപടിയും റിപ്പോർട്ടും നൽകൽ, കമ്മീഷണർ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ വഹിക്കൽ എന്നിവ.

ഭക്ഷ്യവിഷബാധ പോലുള്ള അടിയന്തിര സാഹചര്യത്തിൽ ടാസ്ക്ഫോഴ്സ് ടീം അതിന്റെ അന്വേഷണം, തുടർ നടപടികൾ, റിപ്പോർട്ടിങ് എന്നിവ നടത്തേണ്ടതാണ്. ജീവനക്കാർ അവരവരുടെ പ്രവർത്തനം അതീവ ഗൗരവത്തോടും കൂട്ടുത്തരവാദിത്വത്തോട് കൂടിയും രഹസ്യ സ്വഭാവത്തോട് കൂടിയും നിറവേറ്റതാണ്. ഭക്ഷ്യ വിഷബാധയുടെ റിപ്പോർട്ടും പ്രത്യേക അന്വേഷണം നടത്തുന്ന റിപ്പോർട്ടും കാലതാമസം വരുത്താതെ കമ്മീഷണർ ഓഫീസിൽ അയക്കേണ്ടതാണ്. 6 മാസത്തിലൊരിക്കൽ പ്രവർത്തനങ്ങൾ വിലിയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതുമാണ്.

## ഗവർണറെ മറികടന്ന് മലയാളം സർവ്വകലാശാല വിസി നിയമന നടപടികളുമായി സർക്കാർ മുന്നോട്ട്



**തിരുവനന്തപുരം :** ഗവർണറെ മറികടന്ന് മലയാളം സർവ്വകലാശാല വിസി നിയമന നടപടികളുമായി സർക്കാർ മുന്നോട്ട്. ഗവർണർ ഇതുവരെ ഒപ്പിടാത്ത സർവ്വകലാശാല നിയമഭേദഗതി അനുസരിച്ച് വിസി നിയമനത്തിന് സർച്ച് കമ്മിറ്റിയുണ്ടാക്കാനാണ് തീരുമാനം. കമ്മിറ്റിയിലേക്ക് രാജ്ഭവൻ പ്രതിനിധിയെ നൽകാൻ ആവശ്യപ്പെട്ട് സർക്കാർ കത്ത് നൽകി.
ഗവർണറുടെ പ്രതിനിധിക്ക് പുറമെ സർക്കാറിൻറെയും യുജിസിയുടേയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയിം സിന്റിക്കേറ്റിൻറെയും പ്രതിനിധികൾ സർച്ച് കമ്മിറ്റിയിലുണ്ടാകുമെന്നാണ് സർക്കാർ അറിയിച്ചത്. ഗവർണറുടെ അധികാരം വെട്ടാൻ നിയമസഭ പാസ്സാക്കിയ നിയമഭേദഗതി അനുസരിച്ചാണ് സെർച്ച് കമ്മിറ്റി ഉണ്ടാക്കുന്നത്. പക്ഷെ ഇതുവരെ ഈ ബില്ലിൽ ഗവർണർ അംഗീകാരം നൽകിയിട്ടില്ല. സർക്കാർ ആവശ്യം ഗവർണർ തള്ളിക്കളയുമെന്ന് ഉറപ്പാണ്.




## പത്തനംതിട്ടയിൽ വൻ തീപിടിത്തം, മൂന്ന് കടകൾ പൂർണമായും കത്തി നശിച്ചു

**പത്തനംതിട്ട :** പത്തനംതിട്ട നഗരത്തിൽ വൻ തീപിടിത്തം. നഗരമധ്യത്തിലെ സിവിൽ സ്റ്റേഷന് സമീപത്തെ വ്യാപാര സ്ഥാപനങ്ങളിലാണ് തീപിടിത്തമുണ്ടായത്. നഗര മധ്യത്തിലെ നമ്പർ വൺ ചിപ്സ് കട എന്ന കടയിൽ നിന്നാണ് ആദ്യം തീ പടർന്ന് പിടിച്ചത്. പിന്നീട് സമീപത്തെ എ വൺ ചിപ്സ്, ഹാശിം ചിപ്സ്, അഞ്ജന ഷൂ മാർട്ട്, സെൽ ടെക് മൊബൈൽ ഷോപ്പ് എന്നിവയിലേക്കും തീ പടർന്നു. അഗ്നിശമനസേനയുടെ നേതൃത്വത്തിൽ തീ അണക്കാനുള്ള ശ്രമം നടത്തുന്നതിനിടെ ചിപ്സ് കടകളിൽ സൂക്ഷിച്ചിരുന്ന ഗ്യാസ് സിലിണ്ടറുകൾ പൊട്ടിത്തെറിച്ചതോടെ തീ കൂടുതൽ പടർന്നു. ഫയർഫോഴ്സ് ഉദ്യോഗസ്ഥരടക്കം സ്ഫോടനത്തിൽ നിന്നും തലനാരിഴക്കാണ് രക്ഷപ്പെട്ടത്. തുടർന്ന് കൂടുതൽ ഫയർഫോഴ്സ് യൂണിറ്റുകളെ സ്ഥലത്തേക്ക് എത്തിച്ചാണ് രക്ഷാപ്രവർത്തനം നടത്തിയത്. ജീവനക്കാർ കടക്കുള്ളിൽ കുടുങ്ങിയെന്ന സംശയം ആദ്യം ഉയർന്നിരുന്നുവെങ്കിലും ആളപായമില്ലെന്ന് പിന്നീട് സ്ഥിരീകരണമായി. എന്നാൽ സ്ഫോടനത്തിൽ രണ്ട് ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് പൊള്ളലേറ്റിട്ടുണ്ട്. പൊട്ടിത്തെറിച്ച ഗ്യാസ് കുറ്റിയുടെ കമ്പിയുടെ കഷ്ണം തലക്ക് കൊണ്ട് മറ്റൊരാൾക്കും പരിക്കേറ്റു. ഇയാളെ നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കൂടുതൽ സ്ഫോടനങ്ങളുണ്ടാകാതിരിക്കാൻ സമീപത്തെ കടകളിലെ ഗ്യാസ് സിലിണ്ടറുകളടക്കം മാറ്റി. നിലവിൽ തീ നിയന്ത്രണവിധേയമാണ്. തീപിടിത്തത്തിന്റെ സാഹചര്യത്തിൽ നഗരത്തിലേക്കുള്ള ഗതാഗതം നിയന്ത്രിച്ചു.

## പി എഫ് ഐ നേതാക്കളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നു, അഞ്ച് പേരുടെ വീടുകൾ ജപ്തി ചെയ്തു

**കൊച്ചി:** നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുടെ നേതാക്കളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്ന നടപടി തുടങ്ങി.ഹർത്താലിനോടനുബന്ധിച്ചുണ്ടായ അക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകളിലാണ് നടപടി. നാളെ അഞ്ചുമണിയ്ക്ക് മുൻപായി പി എഫ് ഐ നേതാക്കളുടെ സ്വത്തുക്കൾ കണ്ടുകെട്ടാനായിരുന്നു ഹൈക്കോടതി ഉത്തരവ്.
ഹർത്താലിനിടെ നടന്ന അക്രമങ്ങളുമായി ബന്ധപ്പെട്ട് പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ സർക്കാർ ഹൈക്കോടതിയിൽ മാപ്പുചോദിച്ചിരുന്നു. ആഭ്യന്തര സെക്രട്ടറി കോടതിയിൽ നേരിട്ടെത്തിയായിരുന്നു ക്ഷമ ചോദിച്ചത്. ജനുവരി 15നകം നടപടികൾ പൂർത്തിയാക്കുമെന്ന് സർക്കാർ കോടതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു. കോടതി ഉത്തരവിന്റെ ഭാഗമായി പി എഫ് ഐ ജനറൽ സെക്രട്ടറിയായിരുന്ന അബ്ദുൾ സത്താറിന്റെ കരുനാഗപ്പള്ളിയിലെ വീടും സ്വത്തുക്കളും കണ്ടുകെട്ടി. തൃശൂർ കുന്നംകുളത്ത് അഞ്ച് നേതാക്കളുടെ വീടും സ്ഥലവും ജപ്തി ചെയ്തു. വയനാട് പതിനാല് പേരുടെയും കാസർകോട് നാലുപേരുടെയും വസ്തുവകകൾ കണ്ടുകെട്ടി. തിരുവനന്തപുരത്ത് അഞ്ച് നേതാക്കളുടെ വീടുകളും ജപ്തി ചെയ്തു.












കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഭക്ഷ്യവിഷബാധ പൂർണമായും പടികടക്കുമെന്ന മൂഢവിശ്വാസം മാറ്റിവയ്ക്കുകയാണു നല്ലത്

ഹോട്ടൽ ഭക്ഷണം കഴിച്ച് ചിലർ മരിക്കുകയും അനവധിപേർ ആശുപത്രികളിലാവുകയും ചെയ്തപ്പോഴാണ് സംസ്ഥാനത്തെ ആരോഗ്യവകുപ്പുമന്ത്രിയും ഭക്ഷ്യസുരക്ഷാവിഭാഗവും ഉറക്കം വിട്ടുണർന്നത്. രണ്ടാഴ്ചയിലേറെയായി ഉദ്യോഗസ്ഥർ ഭക്ഷണശാലകളിൽ പരിശോധന നടത്തുകയാണ്. നൂറിലേറെ സ്ഥാപനങ്ങൾ ഇതിനകം അടച്ചുപൂട്ടി. അനവധി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. പരിശോധനകൾ കടുക്കുമ്പോഴും പഴകിയതും അണുബാധയുള്ളതുമായ ഭക്ഷണം കഴിച്ച് പലരും ചികിത്സ തേടേണ്ടിവരുന്നു. പറവൂരിൽ ഡസൻകണക്കിനാളുകൾ ഹോട്ടൽ ഭക്ഷണം കഴിച്ച് ആശുപത്രികളിലായത് ബുധനാഴ്ചയാണ്.

ഇത്രയധികം പരിശോധനകളും പഴകിയ ഭക്ഷണം വിളമ്പുന്നതിനെതിരെ വലിയതോതിൽ ബോധവത്കരണവും നടത്തിയിട്ടും സുരക്ഷിതമായ ഭക്ഷണമേ ആളുകൾക്ക് നൽകാവൂ എന്ന് ഭക്ഷണശാലകൾ നടത്തുന്നവർക്ക് തോന്നാത്തത് ആശ്ചര്യം തന്നെ. ജനങ്ങളുടെ ജീവനെപ്പോലും അപകടത്തിലാക്കുന്ന അനാസ്ഥയാണിത്. ഇത്തരം തോന്ന്യാസങ്ങൾ ഒരു കാരണവശാലും വച്ചുപൊറുപ്പിക്കാനാവാത്തതുമാണ്. പഴകിയതും നിലവാരമില്ലാത്തതുമായ ഭക്ഷണം കഴിച്ച് ആൾക്കാർ ആശുപത്രിയിലാകുമ്പോൾ മാത്രമല്ല ഭക്ഷ്യസുരക്ഷാവകുപ്പ് കർമ്മോത്സുകരാകേണ്ടത്. സ്ഥാപനങ്ങളിൽ നിരന്തരം പരിശോധനകളും കുറ്റക്കാരെ കൈയോടെ ശിക്ഷിക്കാൻ നടപടികളും ഉണ്ടാകാത്തിടത്തോളം ഇതൊക്കെ ആവർത്തിച്ചുകൊണ്ടിരിക്കും.

ഭക്ഷ്യവിഷബാധ തടയാനുള്ള നടപടികളുടെ ഭാഗമായി ഹോട്ടലുകളിലെയും ഭക്ഷ്യവിതരണത്തിലേർപ്പെടുന്ന സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാനൊരുങ്ങുകയാണ് സർക്കാർ. ജീവനക്കാർക്ക് ഹെൽത്ത് കാർഡില്ലാത്ത സ്ഥാപനങ്ങൾ ഫെബ്രുവരി ഒന്നുമുതൽ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് ആരോഗ്യമന്ത്രി മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

ഹോട്ടലുകളിൽ നിന്നുള്ള ഭക്ഷണത്തിൽ വിഷം കയറുന്നത് ജീവനക്കാരിൽ നിന്നല്ലെന്ന് സാമാന്യബോധമുള്ളവർക്കെല്ലാം അറിയാം. ഭക്ഷണശാലകളിൽ ഉപയോഗിക്കുന്ന നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കളാണ് ഭക്ഷ്യവിഷബാധയുടെ പ്രധാന ഉറവിടം. മത്സ്യ -മാംസ വിഭവങ്ങളിൽ നിന്നാണ് പ്രധാനമായും ഭക്ഷ്യവിഷബാധയുണ്ടാകുന്നത്. ഇവയുടെ സംസ്കരണവും സൂക്ഷിപ്പും കുറ്റമറ്റ നിലയിലല്ലെങ്കിൽ രോഗസാദ്ധ്യത കൂടുതലാണ്. പരിശോധനനടന്ന പല വലിയ ഭക്ഷണശാലകളിലും ആഴ്ചകൾ പഴക്കമുള്ള മാംസം കണ്ടെടുത്തിരുന്നു. പഴകിയ മാംസം സ്ഥിരമായി സപ്ളൈ ചെയ്യുന്ന നിരവധി സ്ഥാപനങ്ങൾ ഇവിടെയുണ്ട്. മനുഷ്യരെ അതിവേഗം രോഗികളാക്കി മാറ്റുന്ന ഇത്തരം സ്ഥാപനങ്ങൾ പൂട്ടാനാണു ആദ്യം നടപടി വേണ്ടത്. സംസ്ഥാനത്ത് മത്സ്യ-മാംസ വിപണനത്തിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ മാനദണ്ഡങ്ങളോ ഉള്ളതായി തോന്നുന്നില്ല. അനധികൃതമായി പ്രവർത്തിക്കുന്നവയാണ് ഭൂരിപക്ഷം മാംസവില്പനശാലകളും. ശാസ്ത്രീയ രീതിയിൽ പ്രവർത്തിക്കുന്ന എത്ര അറവുശാലകൾ സംസ്ഥാനത്തുണ്ടെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പിനുപോലും പറയാനാവില്ല. തലസ്ഥാനമായ തിരുവനന്തപുരത്ത് ശാസ്ത്രീയരീതിയിൽ പ്രവർത്തിച്ചിരുന്ന അറവുശാല അടച്ചുപൂട്ടിയിട്ട് പതിറ്റാണ്ടുകളായി

ഹോട്ടലുകളിലെയും മറ്റും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുന്നതിനൊപ്പം ഭക്ഷ്യോത്പന്നങ്ങളുടെ സംസ്കരണത്തിലും വിതരണത്തിലും ഏർപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും കൃത്യമായ മാനദണ്ഡങ്ങളോടെയാണു പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണം. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും വേണം. ഇത്തരം പരിശോധനകൾ ഉദ്യോഗസ്ഥർക്ക് കൈമടക്കു വാങ്ങാനുള്ള ഏർപ്പാടായി മാറാതിരിക്കാൻ കർക്കശമായ നിരീക്ഷണ സംവിധാനങ്ങളും ആവശ്യമാണ്. ഹെൽത്ത് കാർഡ് സമ്പാദിക്കാൻ പാവപ്പെട്ട ജീവനക്കാർ സ്വന്തം വേതനത്തിൽനിന്ന് പണം മുടക്കേണ്ടിവരുന്ന സാഹചര്യവും ഒഴിവാക്കണം. അതതു സ്ഥാപനങ്ങളോ അതല്ലെങ്കിൽ സർക്കാർ തന്നെയോ അതിനു സംവിധാനമൊരുക്കണം. ജീവനക്കാർ ഹെൽത്ത് കാർഡും പോക്കറ്റിലിട്ടുകൊണ്ട് ജോലിചെയ്താൽ ഭക്ഷ്യവിഷബാധ പൂർണമായും പടികടക്കുമെന്ന മൂഢവിശ്വാസം മാറ്റിവയ്ക്കുകയാണു നല്ലത്.

## സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത് പുതിൻതന്നെയാണോ? ജീവിച്ചിരിപ്പുണ്ടോ എന്ന് സംശയമുണ്ട്- സെലൻസ്കി



ഡാവോസ: റഷ്യൻ പ്രസിഡന്റ് വ്ളാദിമർ പുതിൻ ജീവിച്ചിരിപ്പുണ്ടോ എന്ന കാര്യത്തിൽ തനിക്കു സംശയമുണ്ടെന്ന് യുക്രൈൻ പ്രസിഡന്റ് വൊളോദിമർ സെലൻസ്കി. റഷ്യയുമായുള്ള യുക്രൈൻറെ സംഘർഷത്തിൻറെ പശ്ചാത്തലത്തിലാണ് സെലൻസ്കിയുടെ പരാമർശം. ഡാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിനിടെ നടന്ന സ്വകാര്യ ചടങ്ങിൽ നടത്തിയ പ്രസംഗത്തിന്റെ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

'ആരോട് സംസാരിക്കണമെന്നോ എന്തിനേക്കുറിച്ചു സംസാരിക്കണമെന്നോ കൃത്യമായ ധാരണ എനിക്കില്ല. ഇടയ്ക്കിടയ്ക്ക് സ്ക്രീനിൽ പ്രത്യക്ഷപ്പെടാറുള്ള ആൾ റഷ്യൻ പ്രസിഡൻറുതന്നെ ആണോ എന്ന് ഉറപ്പില്ല. അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. അദ്ദേഹം തന്നെയാണോ റഷ്യയെ നിയന്ത്രിക്കുന്നത്? അല്ലെങ്കിൽ മറ്റാരാണ്? ആരുമായാണ് സമാധാന ചർച്ചകൾ നടത്തേണ്ടതെന്നും അറിയില്ല', സെലൻസ്കി പറഞ്ഞു.

സെലൻസ്കിയുടെ പ്രസംഗത്തിനു പിന്നാലെ ഇതിന് മറുപടിയുമായി റഷ്യൻ നേതാക്കൾ രംഗത്തെത്തി. 'സെലൻസ്കിയ്ക്കും യുക്രൈനും വലിയ പ്രശ്നമാണ് റഷ്യയും പുതിനുമെന്ന് വ്യക്തമാണ്. റഷ്യയും പുതിനും നിലനിൽക്കരുതെന്നാണ് സെലൻസ്കിയുടെ ആഗ്രഹം. റഷ്യയും പുതിനും ഇനിയും നിലനിൽക്കുമെന്ന് സെലൻസ്കി എത്രയുംപെട്ടെന്ന് തിരിച്ചറിയുന്നതാകും യുക്രൈനെ പോലെ ഒരു രാജ്യത്തിനു നല്ലത്', റഷ്യൻ വക്താവ് ദിമിത്രി പെസ്കോവ് പറഞ്ഞു.



## ഉദ്ഘാടനത്തിനൊരുങ്ങുന്ന പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ചിത്രങ്ങൾ പുറത്ത്, ഉദ്ഘാടനം മാർച്ചിൽ?

ന്യൂഡൽഹി: ഉദ്ഘാടനത്തിനൊരുങ്ങുന്ന പുതിയ പാർലമെന്റ് മന്ദിരത്തിന്റെ രേഖാചിത്രങ്ങൾ സർക്കാർ പുറത്തുവിട്ടു. കേന്ദ്ര സർക്കാരിന്റെ സെൻട്രൽ വിസ്ത പദ്ധതിയുടെ ഭാഗമായ പുതിയ പാർലമെൻറിൻറെ 64,500 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള മന്ദിരത്തിന് നാലു നിലകളാണുള്ളത്. ഈ വർഷം മാർച്ചിൽ പുതിയ പാർലമെൻറ് മന്ദിരം ഉദ്ഘാടനം ചെയ്യപ്പെടുമെന്നാണ് റിപ്പോർട്ട്.

നിലവിൽ നിർമാണപ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെന്റ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകും. ബജറ്റിന്റെ രണ്ടാം ഭാഗം പുതിയ കെട്ടിടത്തിൽ വെച്ചാകും നടത്തുക എന്നാണ് സൂചന. സെൻട്രൽ വിസ്തയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയാണ് ചിത്രങ്ങൾ പുറത്തു വിട്ടത്.

കേന്ദ്ര ഭവന നിർമ്മാണ വകുപ്പിനാണ് കെട്ടിടത്തിന്റെ നിർമ്മാണ മേൽനോട്ടം. ടാറ്റ പ്രൊജക്ട്സ് ലിമിറ്റഡ് ആണ് നിർമാണം നടത്തുന്നത്. വലിയ ഹാളുകൾ, ലൈബ്രറി, വിശാലമായ വാഹന പാർക്കിങ് സൗകര്യം തുടങ്ങിയവയൊക്കെ പുതിയ പാർലമെന്റ് കെട്ടിടത്തിന്റെ ഭാഗമാണ്.

888 സീറ്റുകളുള്ള ലോക്സഭാ ഹാൾ മയിലിന്റെ തീമിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

## വാക്സിന്റെ പേരിൽ ഫൈസർ ഇന്ത്യക്കുമേൽ സമ്മർദം ചെലുത്തി; ആരോപണവുമായി രാജീവ് ചന്ദ്രശേഖർ

ന്യൂഡൽഹി: യു.എസ്. കേന്ദ്രീകരിച്ചുള്ള മരുന്നു കമ്പനിയായ ഫൈസറിനെതിരെ കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ. ഫൈസർ കമ്പനി അവർക്കനുകൂലമായ നഷ്ടപരിഹാര വ്യവസ്ഥ അംഗീകരിക്കാൻ ആവശ്യപ്പെട്ട് ഇന്ത്യയുടെമേൽ സമ്മർദ്ദംചെലുത്താൻ ശ്രമിച്ചിരുന്നെന്ന് മന്ത്രി ടീറ്റിൽ ആരോപിച്ചു. ഫൈസർ വാക്സിൻ സംബന്ധിച്ച മാധ്യമപ്രവർത്തകന്റെ ചോദ്യങ്ങളോട് ഒഴിഞ്ഞുമാറുന്ന കമ്പനി സി.ഇ.ഒ.യുടെ വീഡിയോ ടീറ്റ് ചെയ്താണ് കേന്ദ്രമന്ത്രി വിമർശനമുന്നയിച്ചത്.

ഇന്ത്യയിലെ കോവിഡിന്റെ തുടക്കക്കാലത്ത് ഫൈസർ, തങ്ങൾ മുന്നോട്ടുവെച്ച നഷ്ടപരിഹാര വ്യവസ്ഥ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് രംഗത്തുവന്നിരുന്നു. വാക്സിൻ ഏതെങ്കിലും തരത്തിലുള്ള വിപരീത ഫലമുണ്ടാക്കിയാൽ കമ്പനിക്ക് ബാധ്യതയുണ്ടായിരിക്കില്ല എന്നായിരുന്നു വ്യവസ്ഥയെന്നും മന്ത്രി ആരോപിക്കുന്നു.


ഇന്ത്യയിൽ നിർമിക്കുന്ന കോവിഡ് പ്രതിരോധ വാക്സിനുകൾക്കു പകരം വിദേശ നിർമിത വാക്സിൻ തന്നെ നൽകണമെന്ന് വാദിച്ചിരുന്ന കോൺഗ്രസ് നേതാക്കളെയും മന്ത്രി പേരെടുത്ത് വിമർശിച്ചു. കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പി. ചിദംബരം, ജയ്റാം രമേശ് എന്നിവർ വിദേശ വാക്സിനുവേണ്ടി വാദിച്ചിരുന്നുവെന്ന് മന്ത്രി പറഞ്ഞു.

ലോക സാമ്പത്തിക ഫോറത്തിന്റെ ഭാഗമായി സ്വിറ്റ്സർലൻഡിൽ എത്തിയ ഫൈസർ സി.ഇ.ഒ. ആൽബർട്ട് ബോർലയോട് മാധ്യമപ്രവർത്തകർ പ്രതിരോധ വാക്സിന്റെ ഫലപ്രാപ്തിയെക്കുറിച്ച് നിരവധി ചോദ്യങ്ങളുയർത്തിയിരുന്നു. വാക്സിൻ നൂറുശതമാനം കോവിഡിനെ തുരത്തുമെന്നായിരുന്നു ഫൈസറിന്റെ അവകാശവാദമെന്നും എന്നാൽ വാക്സിന് കോവിഡ് വ്യാപനം നിയന്ത്രിക്കാനായില്ലെന്നും മാധ്യമപ്രവർത്തകർ ചൂണ്ടിക്കാട്ടി. എന്നാൽ ആൽബർട്ട് ബോർല പ്രതികരിച്ചില്ല. ഇതിൻറെ വീഡിയോ ആണ് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ ടീറ്റ് ചെയ്തത്.

## ഗൂഗിളിലും കൂട്ടപ്പിരിച്ചുവിടൽ, ഒഴിവാക്കുന്നത് 12,000 ജീവനക്കാരെ

ന്യൂയോർക്ക്: മൈക്രോസോഫ്റ്റിലെയും ആമസോണിലെയും കൂട്ടപ്പിരിച്ചുവിടലിന് പിന്നാലെ ഗൂഗിളിലും വൻ പിരിച്ചുവിടൽ.

ഗൂഗിൾ മാതൃകമ്പനിയായ ആൽഫബെറ്റിൽ 12,000 ജീവനക്കാരെയാണ് പിരിച്ചുവിടുന്നത്. ഇതുസംബന്ധിച്ച് ആൽഫബെറ്റ് സി ഇ ഒ സുന്ദർ പിച്ചൈയുടെ അറിയിപ്പ് പുറത്തുവന്നു. പുതിയ സാമ്പത്തികസാഹചര്യത്തിൽ നീക്കം അനിവാര്യമെന്നും എല്ലാ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ആകെ ജീവനക്കാരിൽ ആറുശതമാനത്തെയാണ് പിരിച്ചുവിടുന്നതെന്നാണ് റിപ്പോർട്ട്. സാമ്പത്തിക മാന്ദ്യ ഭീഷണിയെത്തുടർന്ന് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായാണ് ഇത്രയധികം ജീവനക്കാരെ ഒറ്റയടിക്ക് പിരിച്ചുവിടുന്നത്.2023 സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിന്റെ അവസാനത്തോടെ 10,000 ജീവനക്കാരെ പിരിച്ചുവിടുമെന്ന് ടെക് ഭീമൻ മൈക്രോസോഫ്റ്റ് നേരത്തേ പ്രഖ്യാപിച്ചിരുന്നു. സാമ്പത്തിക പ്രതിസന്ധി മുൻനിറുത്തിയാണ് ആകെ ജീവനക്കാരിൽ അഞ്ച് ശതമാനത്തോളം പേരെ പിരിച്ചുവിടാൻ തീരുമാനം. നിലവിൽ 2,21,000 ജീവനക്കാരാണ് കമ്പനിയിലുള്ളത്. പിരിച്ചുവിടൽ സംബന്ധിച്ച് ഒരു വിഭാഗം ജീവനക്കാർക്ക് അറിയിപ്പ് ലഭിച്ചുകഴിഞ്ഞു. പിരിച്ചുവിടുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ഉറപ്പാക്കുമെന്ന് സി.ഇ.ഒ സത്യനാദല്ല അറിയിച്ചു.




## ഇക്കുറി റിപ്പബ്ലിക് ദിന പരേഡ് കാണുന്നവർ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കും, സർപ്രൈസ് ഒരുക്കി കേന്ദ്ര സർക്കാർ

രാജ്യത്ത് വി ഐ പി സംസ്കാരം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മാതാവ് അടുത്തിടെ അന്തരിച്ചപ്പോഴും ചടങ്ങുകൾ ബന്ധുക്കളിൽ മാത്രം ഒതുക്കി ലളിതമായിട്ടാണ് നടത്തിയത്.

ഇക്കാര്യം രാജ്യത്ത് ഏറെ ചർച്ചയായിരുന്നു. വരുന്ന റിപ്പബ്ലിക് ദിന പരേഡിലും വി ഐ പി സംസ്കാരത്തെ കയ്യകലത്തിൽ നിർത്താനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിനായി 2023 റിപ്പബ്ലിക് ദിന പരേഡ് കാണാനെത്തുവർക്കുള്ള ഇരിപ്പിടത്തിൽ മുൻ നിര റിക്ഷാ വലിക്കുന്നവർക്കും തെരുവ് കച്ചവടക്കാർക്കും, ശുചീകരണ തൊഴിലാളികൾക്കുമായി ഒഴിച്ചിടും.

സാധാരണയായി വി വി ഐ പികളും, വി ഐ പികളുമാണ് മുൻനിരയിൽ സ്ഥാനം പിടിക്കുന്നത്. പലപ്പോഴും മുൻപിൽ സീറ്റ് ലഭിച്ചില്ലെന്ന പരാതികളും പ്രമുഖർ ഉയർത്താറുണ്ട്. ഇതിന് അന്ത്യം കുറിച്ചുകൊണ്ടാണ് 2023 റിപ്പബ്ലിക് ദിന പരേഡിൽ രാജ്യത്തെ സാധാരണക്കാർക്ക് മുൻനിരയിൽ ഇരിപ്പിടം ഒരുക്കുന്നത്. പുതിയ പാർലമെന്റ് സമുച്ചയമായ സെൻട്രൽ വിസ്റ്റ പ്രോജക്ടിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും മുൻനിരയിലാവും സീറ്റൊരുക്കുക. ഇവരെയെല്ലാം പ്രത്യേക ക്ഷണിതാക്കളായാണ് കൊണ്ടുവരുന്നതെന്ന് പ്രതിരോധ മന്ത്രാലയം ബുധനാഴ്ച അറിയിച്ചു. ഈ വർഷം 45,000 സീറ്റുകളാണ് പരേഡിനായി ഒരുക്കിയിരുന്നത്.



സർക്കാർ പരിപാടികളിൽ സാധാരണക്കാരുടെ പങ്കാളിത്തം വിപുലപ്പെടുത്തുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ സുപ്രധാനമായ നടപടികൾ സ്വീകരിച്ചുവരികയാണ്. രാജ്യത്തിന്റെ മിക്കയിടങ്ങളിലും പ്രധാന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച ശേഷം അത് യാഥാർത്ഥ്യമാക്കിയ തൊഴിലാളികളെ പ്രധാനമന്ത്രി നേരിൽ കാണാറുണ്ട്. അവർക്കൊപ്പം ആഹാരം കഴിക്കുകയും, ഫോട്ടോ എടുക്കുകയും ചെയ്യുന്ന പതിവുമുണ്ട്.

നരേന്ദ്ര മോദി അധികാരത്തിൽ എത്തിയ ശേഷം പദ്മ അവാർഡുകളിൽ നിന്നും വി ഐ പി സംസ്കാരം എടുത്തു കളഞ്ഞിരുന്നു. ഇതോടെ പത്മ അവാർഡ് ജേതാക്കളുടെ പട്ടികയിൽ സാധാരണക്കാരും ഇടം നേടി. റിപ്പബ്ലിക് ദിന പരേഡ് നടത്തുന്ന പാതയായ രാജ്പഥിനെ കഴിഞ്ഞ വർഷം മുതൽ കർത്തവ്യ പാത എന്നാണ് അറിയപ്പെടുന്നത്. ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിന്റെ മുഖ്യ അതിഥി ഈജിപ്ത് പ്രസിഡന്റായ അബ്ദുൽ ഫത്താഹ് അൽസിസിയാണ്. ഈജിപ്തിൽ നിന്നുള്ള 120 അംഗങ്ങൾ പരേഡിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്.

## യാത്രക്കാരിയുടെ മേൽ മൂത്രമൊഴിച്ച സംഭവം; എയർ ഇന്ത്യയ്ക്ക് 30 ലക്ഷം രൂപ പിഴ, പൈലറ്റിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തു

ന്യൂഡൽഹി: വിമാനത്തിനുള്ളിൽ മദ്യലഹരിയിൽ യാത്രക്കാരിയ്ക്ക് മേൽ മൂത്രമൊഴിച്ച സംഭവത്തിൽ എയർ ഇന്ത്യയ്ക്ക് 30 ലക്ഷം രൂപ പിഴ ചുമത്തി ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ( ഡി ജി സി എ).

സംഭവസമയം വിമാനത്തിന്റെ ഇൻ- ചാർജ് ആയിരുന്ന പൈലറ്റിന്റെ ലൈസൻസ് മൂന്നുമാസത്തേയ്ക്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തു. കൂടാതെ എയർ ഇന്ത്യയുടെ ഡയറക്ടർ ഇൻ-ഫ്ളൈറ്റ് സർവീസിന് മൂന്ന് ലക്ഷം രൂപയും പിഴ ചുമത്തി.



കഴിഞ്ഞ നവംബർ 26ന് ന്യൂയോർക്കിൽ നിന്ന് ഡൽഹിയിലേയ്ക്ക് പോവുകയായിരുന്ന എയർ ഇന്ത്യ എ ഐ-102 വിമാനത്തിലെ ബിസിനസ് ക്ളാസിലായിരുന്നു സംഭവം. അതിക്രമം എയർ ഇന്ത്യാ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടിയുണ്ടായില്ലെന്ന് പരാതിക്കാരി ആരോപിച്ചിരുന്നു. സംഭവം റിപ്പോർട്ട് ചെയ്യുന്നതിൽ താമസം നേരിട്ടുവെന്നത് അംഗീകരിക്കുന്നു. ഇത്തരം സംഭവങ്ങൾ പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് പിഴ ചുമത്തിയതിന് പിന്നാലെ എയർ ഇന്ത്യ പ്രതികരിച്ചു.

സഹയാത്രികയുടെ മേൽ മൂത്രമൊഴിച്ച സംഭവത്തിൽ അറസ്റ്റിലായ ശങ്കർ മിശ്രയ്ക്ക് എയർ ഇന്ത്യ നാലുമാസത്തെ യാത്രാവിലക്ക് ഏർപ്പെടുത്തിയതിന് പിന്നാലെയാണ് കമ്പനിയ്ക്ക് മേൽ ഡി ജി സി എയുടെ നടപടി.

നവംബറിൽ നടന്ന സംഭവം ജനുവരി നാലിനാണ് ഡി ജി സി എയുടെ ശ്രദ്ധയിൽപ്പെടുന്നത്. വിമാനത്തിലുണ്ടായ ദുരനുഭവം വ്യക്തമാക്കി നവംബർ 27ന് പരാതിക്കാരി ടാറ്റ ഗ്രൂപ്പ് ചെയർമാൻ എൻ ചന്ദ്രശേഖരന് എഴുതിയ കത്ത് ദേശീയമാദ്ധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. പിന്നാലെ ജനുവരി നാലിനാണ് എയർ ഇന്ത്യ സംഭവത്തെക്കുറിച്ച് പൊലീസിൽ പരാതിപ്പെടുന്നത്. ഇരുകൂട്ടരും പ്രശ്നം പരിഹരിച്ചു എന്ന് ചിന്തിച്ചാണ് പരാതിപ്പെടാതിരുന്നതെന്നായിരുന്നു എയർ ഇന്ത്യയുടെ വിശദീകരണം. സംഭവം നടന്ന് ആറ് ആഴ്ചകൾക്ക് ശേഷമായിരുന്നു ശങ്കർ മിശ്ര അറസ്റ്റിലായത്. എന്നാൽ ഇയാൾ ആരോപണങ്ങൾ നിഷേധിച്ചിരുന്നു. യാത്രക്കാരി സ്വയം മൂത്രമൊഴിക്കുകയായിരുന്നെന്നാണ് ഇയാൾ പറഞ്ഞത്. എന്നാലിത് യാത്രക്കാരി തള്ളിയിരുന്നു.

ജനുവരി ആറിന് ഡി ജി സി എ എയർ ഇന്ത്യയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എയർ ഇന്ത്യ ഇന്നാണ് ഇതിന് മറുപടി നൽകിയത്. ഇതിന് പിന്നാലെയാണ് ഡി ജി സി എ എയർ ഇന്ത്യയ്ക്ക് പിഴ ചുമത്തുകയും പൈലറ്റിനെ സസ്പെൻഡ് ചെയ്യുകയും ചെയ്തത്.







## ചേട്ടനെ കൂട്ടാനെത്തി; സഹോദരന്റെ സ്കൂൾബസ് തട്ടി രണ്ടര വയസുകാരന് ദാരുണാന്ത്യം

**തിരുവനന്തപുരം:** സഹോദരന്റെ സ്കൂൾബസ് തട്ടി രണ്ടര വയസുകാരന് ദാരുണാന്ത്യം. നെയ്യാറ്റിൻകരയിലെ കുറ്റിയാണിക്കാട് സ്വദേശി അനീഷിന്റെയും അശ്വതിയുടെയും മകൻ വിഘ്നേഷാണ് മരിച്ചത്.സഹോദരനെ വീട്ടിലിറക്കി മടങ്ങുകയായിരുന്ന സ്കൂൾ ബസ് തട്ടിയാണ് അപകടമുണ്ടായതെന്നാണ് വിവരം. കുട്ടിയുടെ അമ്മയാണ് അപകട വിവരം മറ്റുള്ളവരെ അറിയിച്ചത്. തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. മൃതദേഹം മോർച്ചറിയിലേയ്ക്ക് മാറ്റി.

## ജോഷിമഠിൽ സഹായം ചെയ്ത് മടങ്ങിയ മലയാളി വൈദികൻ അപകടത്തിൽ മരിച്ചു



**ന്യൂഡൽഹി:** ജോഷിമഠിൽ സഹായം വിതരണംചെയ്ത് മടങ്ങിയ മലയാളി വൈദികൻ കാർ കൊക്കയിലേക്ക് മറിഞ്ഞ് മരിച്ചു. ബിജ്നോർ രൂപതാംഗവും കോഴിക്കോട്ട് ചക്കിട്ടപാറ സ്വദേശിയുമായ ഫാ. മെൽവിൻ പള്ളിത്താഴത്ത് (31) ആണ് മരിച്ചത്. ജോഷിമഠിൽ റേഷൻ ഉൾപ്പെടെയുള്ള സാധനങ്ങൾ വിതരണം ചെയ്ത് മടങ്ങുന്നതിനിടെ വ്യാഴാഴ്ച വൈകീട്ട് നാല് മണിയോടെയായിരുന്നു അപകടം. അപകടസമയത്ത് മെൽവിനൊപ്പം രണ്ട് വൈദികരും കാറിലുണ്ടായിരുന്നു. റോഡിലെ മഞ്ഞിൽ തെന്നിയ കാർ പിന്നിലേക്ക് പോകുകയായിരുന്നു. ഉടൻതന്നെ രണ്ട് വൈദികർ പുറത്തിറങ്ങി ടയറിന് താഴെ കല്ലുകൾ ഇട്ട് വാഹനം തടയാൻ ശ്രമിച്ചെങ്കിലും കാർ 500 അടി താഴ്ചയുള്ള കൊക്കയിലേക്ക് പതിക്കുകയായിരുന്നു. രാത്രി പത്ത് മണിയോടെയാണ് രക്ഷാപ്രവർത്തകർ മെൽവിന്റെ മൃതദേഹം കണ്ടെത്തിയത്. പോസ്റ്റ്മോർട്ടം പൂർത്തിയാക്കി മൃതദേഹം ഋഷികേശിലെ ആശുപത്രിയിലേക്ക് മാറ്റി.

## ഫെഡറേഷൻ പിരിച്ചുവിടണം, അന്വേഷണ കമ്മീഷനെ നിയമിക്കണം; പി.ടി.ഉഷയ്ക്ക് ഗുസ്തിതാരങ്ങളുടെ കത്ത്



**ന്യൂഡൽഹി:** ദേശീയ റെസ്‌ലിങ് ഫെഡറേഷൻ (ഡബ്ല്യുഎഫ്ഐ) പ്രസിഡന്റും ബിജെപി എംപിയുമായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരേ തങ്ങൾ ആരോപിച്ച ലൈംഗികപീഡനം ഉൾപ്പെടെയുള്ള കുറ്റങ്ങൾ തെളിയിക്കാൻ അന്വേഷണകമ്മിഷനെ നിയമിക്കണമെന്നാവശ്യപ്പെട്ട് മുതിർന്ന ഗുസ്തിതാരങ്ങൾ വെള്ളിയാഴ്ച ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനെ (ഐഒഎ) സമീപിച്ചു. ബ്രിജ് ഭൂഷൺ ശരൺ സിങ്ങിൽ നിന്ന് സഹപ്രവർത്തകരായ നിരവധി താരങ്ങൾക്ക് പീഡനം നേരിട്ടെന്ന പരാതി സംബന്ധിച്ച് ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ പ്രസിഡന്റ് പി.ടി. ഉഷയ്ക്ക് താരങ്ങൾ കത്തെഴുതി. ടോക്യോ ഒളിമ്പിക്സിലെ മെഡൽ ജേതാക്കളായ റവി ദാഹിയയും ബജ്‌രംഗ് പുനിയയുമുൾപ്പെടെയുള്ള ഗുസ്തിതാരങ്ങൾ കത്തിൽ ഒപ്പുവെച്ചിട്ടുണ്ട്. റിയോ ഗെയിംസ് വെങ്കല മെഡൽ ജേത്രി സാക്ഷി മാലിക്, ലോക ചാമ്പ്യൻഷിപ്പ് മെഡൽ ജേതാക്കളായ വിനേഷ് ഫോഗട്ട്, ദീപക് പുനിയ എന്നിവരും ഒപ്പുവെച്ചവരിൽ ഉൾപ്പെടുന്നു. ടോക്യോ ഒളിമ്പിക്സിൽ മെഡൽ കൈവിട്ടതിൽ വിനേഷ് ഫോഗട്ടിന് ബ്രിജ് ഭൂഷണിൽ നിന്ന കടുത്ത മാനസികപീഡനം നേരിടേണ്ടി വന്നതായും അതേത്തുടർന്ന് ആത്മഹത്യയുടെ വക്കിലെത്തിയതായും കത്തിൽ പറയുന്നു. ദേശീയ റെസ്‌ലിങ് ഫെഡറേഷൻ പിരിച്ചുവിടണമെന്നും പ്രസിഡന്റിനെ പുറത്താക്കണമെന്നും താരങ്ങൾ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയ ഫെഡറേഷന്റെ നടത്തിപ്പിനായി താരങ്ങളുമായി കൂടിയാലോചന നടത്തി പുതിയൊരു കമ്മിറ്റി രൂപവത്കരിക്കണമെന്നും കത്തിൽ പറയുന്നു.

## അപർണബാലമുരളിയോട് മോശം പെരുമാറ്റം; ലോ കോളേജ് വിദ്യാർഥിക്ക് സസ്പെൻഷൻ




**കൊച്ചി:** കോളേജ് യൂണിയൻ പരിപാടിക്കിടെ നടി അപർണ ബാലമുരളിയോട് മോശമായി പെരുമാറിയ എറണാകുളം ലോ കോളേജ് വിദ്യാർഥിക്ക് സസ്പെൻഷൻ. ഒരാഴ്ചത്തേക്കാണ് സസ്പെൻഷൻ നൽകിയിരിക്കുന്നത്. കഴിഞ്ഞ ദിവസം ലോ കോളേജ് പ്രിൻസിപ്പൽ വിദ്യാർഥിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. മറുപടി തൃപ്തികരമല്ലാത്തതിനാൽ സ്റ്റാഫ് കൗൺസിൽ യോഗം കൂടിയാണ് വിദ്യാർഥിക്ക് ഒരാഴ്ചത്തെ സസ്പെൻഷൻ നൽകാൻ തീരുമാനിച്ചതെന്ന് പ്രിൻസിപ്പൽ ഡോ. ബിന്ദു എം നമ്പ്യാർ പറഞ്ഞു. ഒരു ലോ കോളേജ് വിദ്യാർഥി എന്ന നിലയിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണെന്ന് പ്രിൻസിപ്പൽ പറഞ്ഞു. കഴിഞ്ഞ ദിവസം വിദ്യാർഥി യൂണിയൻ ഉദ്ഘാടനത്തോടൊപ്പം തങ്കം സിനിമയുടെ പ്രമോഷന് കൂടി എത്തിയ അപർണ ബാലമുരളിയോട് ലോ കോളജിലെ വിദ്യാർഥി മോശമായി പെരുമാറുകയായിരുന്നു. നടിക്ക് പൂ കൊടുക്കാനായി വേദിയിൽ കയറിയ വിദ്യാർഥി അപർണയുടെ കൈയിൽ പിടിക്കുകയും തോളിൽ കൈയിടാൻ ശ്രമിക്കുകയും ചെയ്തു. ഇതോടെ അനിഷ്ടം പ്രകടിപ്പിച്ച നടി എന്താടോ ലോ കോളജ് അല്ലേ എന്ന് ചോദിക്കുകയും ചെയ്യുകയായിരുന്നു. സംഭവത്തിൽ സ്തബ്ധയായിപ്പോയെന്ന് അപർണ പിന്നീട് സോഷ്യൽ മീഡിയയിൽ കുറിക്കുകയും ചെയ്തിരുന്നു. അതേസമയം കോളേജിൽ യൂണിയൻ പരിപാടിക്കിടെ ഉണ്ടായ ആവേശത്തിൽ സംഭവിച്ചു പോയതാണെന്നായിരുന്നു കാരണം കാണിക്കൽ നോട്ടീസിന് വിദ്യാർത്ഥി നൽകിയ മറുപടി. എന്നാൽ ഇത് തൃപ്തികരമല്ലാത്തതിനാലാണ് നടപടി സ്വീകരിച്ചതെന്ന് പ്രിൻസിപ്പൽ പറഞ്ഞു സംഭവത്തിൽ ഖേദം പ്രകടിപ്പിച്ച് എറണാകുളം ഗവ. ലോ കോളേജ് യൂണിയനും രംഗത്തെത്തിയിരുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ട് താരത്തിന് ഉണ്ടായ പ്രയാസത്തിൽ കോളേജ് യൂണിയൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നെന്നും കോളജ് യൂണിയൻ സോഷ്യൽമീഡിയയിലൂടെ ഖേദപ്രകടനം നടത്തിയിരുന്നു.



## ആർക്കുംവേണ്ടാതെ പൂപ്പത്തിയിലെ പൊതുമേഖല ചക്ക സംസ്കരണ ഫാക്ടറി ; നഷ്ടമായത് മൂന്ന് കോടിയോളം രൂപ

മാള: പറമ്പായ പറമ്പിലൊക്കെ കായ്ച്ചുകിടപ്പുണ്ട് ഒന്നാന്തരം ചക്ക. ചക്കയുടെ പോഷകഗുണത്തെയും ഔഷധഗുണത്തെയും കുറിച്ചൊക്കെ വാഴ്ത്തലുകൾ നടക്കുന്ന കാലവുമാണ്. പറഞ്ഞിട്ടെന്താ നാട്ടിലൊരു വിലയുമില്ല. അല്ലെങ്കിൽ വലിയ സാധ്യത മുന്നിൽക്കണ്ടിരുന്ന, രാജ്യത്തെ പൊതുമേഖലയിലെ ആദ്യ ചക്കസംസ്കരണ ഫാക്ടറി ഇങ്ങനെ പൂട്ടിപ്പോകുമോ. ഫാക്ടറി പൂർണതോതിലാക്കാൻ വിദഗ്ധസംഘത്തെ നിയോഗിക്കുമെന്ന് മന്ത്രി പി. പ്രസാദ് മാർച്ച് 24-ന് പറഞ്ഞിരുന്നു. അടുത്ത മാസംതന്നെ തീരുമാനമായി-ഫാക്ടറി പൂട്ടി! ചെലവായ മൂന്നുകോടിയോളം രൂപ വെള്ളത്തിൽ.

**ഇതൊക്കെയായിരുന്നു ലക്ഷ്യം**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ കീഴിൽ കാർഷിക സർവകലാശാലയുടെ സാങ്കേതികവിദ്യയിൽ ചക്കയുടെ മൂല്യവർധിത ഉത്പന്നങ്ങളായ പൾപ്പ്, നെക്റ്റാർ, മിഠായി, ജാക്ക്ഫ്രൂട്ട് ബാർ, ചക്കക്കുരു ഉത്പന്നങ്ങൾ, ചക്കഹൽവ, ജാം, പൗഡർ എന്നിവ നിർമിക്കാനായിരുന്നു പദ്ധതി. പ്രാദേശികമായി ചക്ക സംഭരിക്കാനായിരുന്നു ആദ്യ തീരുമാനം. പിന്നീട് അത് ഒഴിവാക്കി കരാർ നൽകി. 2018 ഏപ്രിലിൽ ഫാക്ടറി പ്രവർത്തനം തുടങ്ങിയപ്പോൾ പ്രവർത്തനമൂലധനം 1.13 ലക്ഷം രൂപ മാത്രം. അത് ഇതുവരെ തിരിച്ചുകിട്ടിയിട്ടുമില്ല. 2020-21-ൽ സംഭരിച്ചത് അഞ്ചുടൺ ചക്ക. ഈ വർഷം ഒന്നരലക്ഷംവരെ വിറ്റുവരവ് ലഭിച്ചപ്പോൾ ജീവനക്കാർക്ക് ശമ്പളമായി നൽകിയത് 12 ലക്ഷത്തോളം. പൂർണതോതിൽ പ്രവർത്തിക്കാൻ 500 കിലോ ശേഷിയുള്ള ഡ്രയർ (ഇപ്പോഴുള്ളത് 20 കിലോഗ്രാം) ആണ് ഫാക്ടറിക്ക് വേണ്ടത്. ബോയ്‌ലറിൽനിന്നുള്ള ചൂടുനിയന്ത്രണസംവിധാനം, വർക്ക് ഏരിയ, സ്റ്റോറേജ് സൗകര്യം എന്നിവയും വേണം.

**തുടക്കം ഇങ്ങനെ...**

മുൻമന്ത്രി വി.കെ. രാജനാണ് പദ്ധതിക്ക് തുടക്കമിട്ടത്. കുറഞ്ഞ വിലയിൽ മറുനാട്ടിലേക്ക് കയറിപ്പോകുന്ന അവസ്ഥ മാറ്റാൻ 1997 ഒക്ടോബർ ഒൻപതിന് പൂപ്പത്തിയിലെ ഒരേക്കറിൽ പഴം-പച്ചക്കറി സംസ്കരണശാലയ്ക്ക് അന്നത്തെ കൃഷിമന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ കല്ലിട്ടു. പിന്നെ ഒന്നരപ്പതിറ്റാണ്ടോളം കാടുകയറിക്കിടന്നു. 2013 ഓഗസ്റ്റ് 19-ന് ചക്കസംസ്കരണ യൂണിറ്റിന്റെ നിർമാണോദ്ഘാടനം അന്നത്തെ കൃഷിമന്ത്രി കെ.പി. മോഹനൻ നിർവഹിച്ചു. ഇതോടെ പ്രതീക്ഷയായി. അഗ്രോ ഫുഡ് പാർക്കിന്റെ ചക്കസംസ്കരണ-ഉത്പാദനകേന്ദ്രം 2016 മാർച്ച് ഒന്നിനു തുടങ്ങി. വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനത്തിനായി 2018 ഏപ്രിൽ ഏഴിന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം നടത്തി. എന്നാൽ, ചക്കസംസ്കരണത്തിനും മൂല്യവർധിത ഉത്പന്നനിർമാണത്തിനും വിപണനത്തിനും വ്യക്തതയുണ്ടായില്ല. മൂലധനവും ലഭിച്ചില്ല.


**പൂട്ടിയത് എന്തുകൊണ്ട്?**

ഔദ്യോഗിക വിശദീകരണം: പ്രധാനം സാമ്പത്തികപ്രതിസന്ധി. യന്ത്രങ്ങളുടെ തകരാർ, ഭക്ഷ്യസുരക്ഷാ അതോറിറ്റി നിർദേശിച്ച പണികൾ നടത്തിയില്ല തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി അടച്ചിടാൻ ഉത്തരവിട്ടുവെന്ന് കോർപറേഷൻ ചെയർമാൻ വി. കുഞ്ഞാലി പറഞ്ഞു. അപാകം പരിഹരിച്ച് പൂർണതോതിൽ പ്രവർത്തനം തുടങ്ങാൻ അടുത്ത ബജറ്റിൽ 1.75 കോടിയുടെ നിർദേശം സമർപ്പിച്ചിട്ടുണ്ടെന്നും അനുവദിക്കുമെന്നാണ് പ്രതീക്ഷയെന്നും വി.ആർ. സുനിൽകുമാർ എം.എൽ.എ. അറിയിച്ചു.



## അമ്മയെ അവസാനമായി ഒരുനോക്ക് കാണാൻ കുട്ടികളെത്തി; ആശയുടെ അന്ത്യകർമ്മങ്ങൾ മക്കൾ തന്നെ ചെയ്യും

**തൃശൂർ:** പാവറട്ടിയിൽ ആത്മഹത്യ ചെയ്ത ആശയുടെ മൃതദേഹം കാണാൻ മക്കളെ എത്തിച്ചു. ആശയുടെ മൃതദേഹം കാണിക്കാൻ അഞ്ചും ഏഴും വയസുള്ള മക്കളെ എത്തിക്കില്ലെന്നായിരുന്നു യുവതിയുടെ ഭർതൃവീട്ടുകാരുടെ നിലപാട്. പൊലീസിന്റെ സാന്നിദ്ധ്യത്തിലാണ് കുട്ടികളെ എത്തിച്ചിരിക്കുന്നത്. ആശയുടെ അന്ത്യകർമ്മങ്ങൾ മക്കൾ തന്നെ ചെയ്യും. ഭർതൃവീട്ടുകാരുടെ പീഡനത്തിൽ മനംനൊന്താണ് ആശ ആത്മഹത്യ ചെയ്തതെന്നാണ് ആശയുടെ കുടുംബത്തിന്റെ ആരോപണം. ഈ മാസം പന്ത്രണ്ടിനാണ് ആശ കുന്നിക്കുരു കഴിച്ച് ജീവനൊടുക്കാൻ ശ്രമിച്ചത്. ചികിത്സയിലിരിക്കെ പതിനേഴിന് മരിച്ചു. മരണ സമയത്ത് ഭർത്താവ് സന്തോഷും ആശയുടെ വീട്ടുകാരും ആശുപത്രിയിലുണ്ടായിരുന്നു. നാട്ടിക സ്വദേശിയാണ് സന്തോഷ്. 12 വർഷം



## വൃന്ദാ കാരാട്ട്, ഇന്നലെ കോൺഗ്രസ് നേതാവും ഒളിമ്പ്യനുമായ വിജേന്ദർ സിംഗിനെയും സമരവേദിയിൽ നിന്ന് പുറത്താക്കി ഗുസ്തി താരങ്ങൾ

**ന്യൂഡൽഹി:** റെസ്‌ലിംഗ് ഫെഡറേഷൻ ഒഫ് ഇന്ത്യ പ്രസിഡന്റും ബിജെപി എം.പിയുമായ ബ്രിജ് ഭൂഷൺ ശരൺ സിംഗിനെതിരെ ഒളിമ്ബിക്സ് മെഡൽ ജേതാക്കളടക്കമുള്ള മുപ്പതോളം താരങ്ങളുടെ പ്രതിഷേധം ഇന്നും ജന്തർമന്തറിൽ തുടരുകയാണ്. ബ്രിജ് ഭൂഷണെതിരെ ലൈംഗികാതിക്രമ ആരോപണമടക്കം ഉയർത്തിയാണ് പ്രതിഷേധം നടക്കുന്നത്. ഇതിനിടെ പ്രതിഷേധത്തിന് പിന്തുണയുമായെത്തുന്ന വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളെ പ്രതിഷേധക്കാർ മടക്കിയയച്ചിരുന്നു. കഴിഞ്ഞ ദിവസം സിപിഎം പോളിറ്റ്ബ്യൂറോ അംഗം വൃന്ദാ കാരാട്ടിനോട് ഇത്തരത്തിൽ വേദിവിട്ട് പോകാൻ ഒളിമ്ബിക്സ് വെങ്കലമെഡൽ ജേതാവ് ബജ്റംഗ് പൂനിയ ആവശ്യപ്പെട്ടിരുന്നു. ഇതിനിടെ ഇന്ന് പ്രതിഷേധക്കാർക്ക് പിന്തുണയുമായെത്തിയ ഒളിമ്ബിക്സ് വെങ്കലമെഡൽ ജേതാവും മുൻ ബോക്സിംഗ് താരവും കോൺഗ്രസ് നേതാവുമായ വിജേന്ദർ സിംഗിനോടും ഗുസ്തി താരങ്ങൾ വേദിയിൽ നിന്നും ഇറങ്ങിപ്പോകാൻ ആവശ്യപ്പെട്ടു. തങ്ങളുടെ പ്രതിഷേധങ്ങൾക്ക് രാഷ്ട്രീയ മുഖംനൽകാൻ ആഗ്രഹിക്കാത്തതിനാലാണ് സിംഗിനോട് പോകാൻ ആവശ്യപ്പെട്ടതെന്നാണ് താരങ്ങളുടെ വിശദീകരണം.നേരത്തെ സിപിഐ നേതാവ് ബിനോയ് വിശ്വം, ഗുസ്തി താരവും ബിജെപി നേതാവുമായ ബബിത ഫോഗട്ട് എന്നിവരും സമരത്തിന് പിന്തുണ നൽകിയിരുന്നു. ഉച്ചയ്ക്കും രാത്രിയിലും കായിക താരങ്ങളുമായി സർക്കാർ ചർച്ച നടത്തിയെങ്കിലും സമരം പിൻവലിക്കാൻ തീരുമാനമുണ്ടായില്ല. സർക്കാർ താരങ്ങൾക്കൊപ്പമാണെന്ന് കേന്ദ്ര കായിക മന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ പ്രതികരിച്ചു. ഗുസ്തി താരങ്ങൾ ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമുള്ളതാണെന്നും 72 മണിക്കൂറിനകം മറുപടി നൽകണമെന്നും സർക്കാർ ഡബ്ള്യു എഫ് ഐയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മോദിയിൽ ഒരു പങ്കാളിയെ തങ്ങൾ കാണുന്നില്ല, എന്നാൽ മൻമോഹൻ സിംഗ് അങ്ങനെയായിരുന്നില്ലെന്ന് തുറന്നടിച്ച്പാക് മന്ത്രി ഹിന റബ്ബാനി



**ദാവോസ്** : ഇന്ത്യയുമായി സമാധാന ചർച്ചയ്ക്ക് താത്പര്യമുണ്ടെന്നും, യുദ്ധങ്ങളിലൂടെ തങ്ങൾ പാഠം പഠിച്ചെന്നുമുള്ള പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിന്റെ പ്രസ്താവന പുറത്ത് വന്ന് ദിവസങ്ങൾക്കകം മോദി വിമർശനവുമായി പാകിസ്ഥാൻ. വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കവേയാണ് പാകിസ്ഥാൻ വിദേശകാര്യ സഹമന്ത്രി ഹിന റബ്ബാനി ഖാർ ഇന്ത്യൻ പ്രധാനമന്ത്രിയെ വിമർശിച്ചത്. ഇരു രാജ്യങ്ങളും തമ്മിൽ സമാധാനം സ്ഥാപിക്കുന്നതിന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ ഒരു പങ്കാളിയെ തങ്ങളുടെ രാജ്യം കാണുന്നില്ലെന്നായിരുന്നു ഹിനയുടെ പരാമർശം. എന്നാൽ മോദിയുടെ മുൻഗാമികളായിരുന്ന മൻമോഹൻ സിംഗും, അടൽ ബിഹാരി വാജ്പേയും അങ്ങനെയായിരുന്നില്ലെന്നും പാക് മന്ത്രി തുറന്നടിച്ചു. വേൾഡ് ഇക്കണോമിക് ഫോറം വാർഷിക സമ്മേളനത്തിൽ ദക്ഷിണേഷ്യയെക്കുറിച്ചുള്ള സെഷനിൽ പങ്കെടുക്കവേയാണ് ഹിന റബ്ബാനി ഖാർ തന്റെ രാജ്യത്തിന്റെ നിലപാട് വ്യക്തമാക്കിയത്. മുൻപ് താൻ വിദേശകാര്യ മന്ത്രിയായിരിക്കുമ്ബോൾ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനായി കഠിനമായി പ്രയത്നിച്ചിരുന്നു. ഇപ്പോഴത്തെ അപേക്ഷിച്ച് അന്ന് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം മികച്ചതായിരുന്നെന്നും ഹിന റബ്ബാനി വ്യക്തമാക്കി. എന്നാൽ ഇതേ സെഷനിൽ പങ്കെടുത്ത ആർട്ട് ഓഫ് ലിവിംഗ് സ്ഥാപകൻ ശ്രീ ശ്രീ രവിശങ്കർ പാകിസ്ഥാനെ രൂക്ഷമായി വിമർശിക്കുകയും മോദിയെ പുകഴ്ത്തുകയും ചെയ്തു. പാകിസ്ഥാനുമായി സമാധാനത്തിനായി പ്രധാനമന്ത്രി മോദി പലതവണ കൈ നീട്ടിയെന്നാണ് അദ്ദേഹം ഹിനയ്ക്കുള്ള മറുപടിയായി പറഞ്ഞത്. മറ്റൊരു അയൽക്കാരുമായും ഇന്ത്യക്ക് പ്രശ്നങ്ങളില്ലാത്തതിനാൽ പ്രശ്നം തങ്ങളുടെ ഭാഗത്തുനിന്നാണെന്ന് പാകിസ്ഥാൻ തിരിച്ചറിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതിനാൽ നിലവിലെ പ്രധാനമന്ത്രി സന്നദ്ധത കാട്ടിയില്ലെന്ന ആരോപണത്തിൽ അർത്ഥമില്ലെന്നും രവിശങ്കർ പറഞ്ഞു.



## ശൈലജയെ വിളിക്കാമായിരുന്നു, ചരിത്രനിരാസം ചിലരുടെ ഇഷ്ട മാനസികവ്യാപാരം'; നീരസംവ്യക്തമാക്കി സുധാകരൻ

ആലപ്പുഴ: മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനത്തിന് തന്നെ ക്ഷണിക്കാത്തതിൽ അതൃപ്തി പ്രകടിപ്പിച്ച് മുൻ മന്ത്രി ജി. സുധാകരൻ. കെട്ടിടത്തിന്റെ ചരിത്രവും വർത്തമാനവും പറഞ്ഞുള്ള ഫെയ്സ്ബുക്ക് കുറിപ്പിലാണ് സുധാകരൻ തന്നെ ക്ഷണിക്കാത്തതിലുള്ള നീരസം പ്രകടമാക്കിയത്. 173.18 കോടി രൂപ ചെലവിൽ നിർമിച്ച ആറുനില കെട്ടിടത്തിന്റെ ഉദ്ഘാടനം ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയനാണ് നിർവഹിക്കുന്നത്. കെട്ടിടത്തിന്റെ നിർമാണപ്രവൃത്തി ആരംഭിച്ച കാലത്ത് പൊതുമരാമത്ത് മന്ത്രിയും മറ്റു സമയങ്ങളിൽ എം.എൽ.എ.യുമായ തന്നെ ക്ഷണിച്ചില്ലെന്ന് സുധാകരൻ കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ട്. ആദ്യാവസാനംവരെ ഇതിനായി മുന്നിൽ നിന്ന തന്നെ ഓർത്തില്ലെങ്കിലും ഷൈലജയെ ഉൾപ്പെടുത്താമായിരുന്നെന്ന് സുധാകരൻ പറഞ്ഞു. '...ഇതിനായി പ്രവർത്തിച്ച ചിലരെ പരിപാടിയിൽ നിന്നും ഒഴിവാക്കി (കെ.സി.വേണുഗോപാൽ) എന്ന് മാധ്യമങ്ങൾ പരാതിപ്പെടുന്നു. ഒഴിവാക്കേണ്ട കാര്യമില്ലായിരുന്നു. ഷൈലജ ടീച്ചറേയും ഉൾപ്പെടുത്താമായിരുന്നു. ആദ്യവസാനം മുന്നിൽ നിന്ന എന്നെ ഓർക്കാതിരുന്നതിൽ എനിക്ക് പരിഭവമില്ല. ജനോപകാരമായ, പൊതുസമൂഹത്തിനു വേണ്ടിയുള്ള വികസനങ്ങളിൽ ഭാഗഭാക്കാവാൻ കഴിഞ്ഞതിനുള്ള ചാരിതാർഥ്യമാണുള്ളത്. ചരിത്ര നിരാസം ചില ഭാരവാഹികൾക്ക് ഏറെ ഇഷ്ടപെട്ട മാനസിക വ്യാപാരമാണ്. അതുകൊണ്ട് ചരിത്രം ഇല്ലാതാകില്ല. അത് തുടർച്ചയാണ്, പുരോഗമനമാണ്. ഒശൈ്യ ശ ൂീഴ ൃലൈ അതാണ് ആധുനിക ചരിത്ര മതം. ആലപ്പുഴ ബൈപ്പാസിന്റെ ഉദ്ഘാടന ചടങ്ങിൽ ഞാൻ പറഞ്ഞിരുന്നു, വഴിയരികിൽ വെക്കുന്ന ഫ്ലെക്സുകളിലല്ല ജനഹൃദയങ്ങളിൽ രൂപപ്പെടുന്ന ഫ്ലെക്സുകളാണ് പ്രധാനം', സുധാകരൻ പറയുന്നു.

# കുട്ടികളുണ്ടാവാൻ മന്ത്രവാദം; യുവതിയെ മനുഷ്യാസ്ഥി പൊടിച്ച് കഴിപ്പിച്ചു, ഭർത്താവടക്കം അറസ്റ്റിൽ

**പുണെ:** ദുർമന്ത്രവാദത്തിന്റെ പേരിൽ യുവതിയെ മനുഷ്യന്റെ അസ്ഥി പൊടിച്ചത് നിർബന്ധിച്ച് കഴിപ്പിച്ചു. പുണെയിലാണ് സംഭവം. കുട്ടികളുണ്ടാകാത്തതിന്റെ പേരിൽ 28-കാരിയെ ദുർമന്ത്രവാദത്തിനിരയാക്കുകയായിരുന്നു. ഇതിൻറെ ഭാഗമായി എല്ല് പൊടിച്ച് വെള്ളത്തിൽ കലർത്തി അത് യുവതിയെ നിർബന്ധിച്ചു കുടിപ്പിക്കുകയായിരുന്നു. സംഭവത്തിൽ യുവതിയുടെ ഭർത്താവ്, ഭർതൃമാതാപിതാക്കൾ, മന്ത്രവാദം നടത്തിയ സ്ത്രീ തുടങ്ങിയവർക്കെതിരെ പോലീസ് കേസെടുത്തു. 2019-ലാണ് യുവതിയുടെ വിവാഹം നടന്നത്. ഇവർക്ക് കുട്ടികളില്ലായിരുന്നു. അമാവസി ദിനത്തിൽ പ്രത്യേക പൂജ നടത്തിയാൽ കുട്ടികളുണ്ടാകുമെന്ന് വിശ്വസിപ്പിച്ച് സ്ഥിരമായി മന്ത്രവാദം നടത്തിവന്നതായി പോലീസ് പറയുന്നു. മന്ത്രവാദ ചടങ്ങിന്റെ ഭാഗമായാണ് യുവതിയെ എല്ലുപൊടി കഴിപ്പിച്ചത്. കൂടാതെ ഒരു വെള്ളച്ചാട്ടത്തിൽ പൊയി കുളിക്കണമെന്നും മന്ത്രവാദം നടത്തിയ സ്ത്രീ നിർദേശിച്ചിരുന്നു. നിർബന്ധിത മന്ത്രവാദത്തിനൊപ്പം തന്റെ മാതാപിതാക്കളിൽ നിന്ന് പണം വാങ്ങിനൽകണമെന്നാവശ്യപ്പെട്ട് മർദ്ദിക്കാറുണ്ടെന്നും യുവതി പറയുന്നു. മഹാരാഷ്ട്രയിലെ ദുർമന്ത്രവാദ നിർമാർജന നിയമം 2013 പ്രകാരവും സ്ത്രീധന പീഡന നിരോധന നിയമപ്രകാരവും ഏഴു പ്രതികൾക്കെതിരേ കേസെടുത്തിട്ടുണ്ടെന്ന് പോലീസ് വ്യക്തമാക്കി.



# 'സുകുമാരക്കുറുപ്പി'നെ അനുകരിച്ച് തെലങ്കാനയിലെ ഗവ. ജീവനക്കാരൻ; ലക്ഷ്യമിട്ടത് ഏഴരക്കോടി, എല്ലാം പാളി

ഹൈദരാബാദ്: 'സുകുമാരക്കുറുപ്പ്' മോഡലിൽ കൊലപാതകം നടത്തി ഇൻഷുറൻസ് തുക തട്ടിയെടുക്കാൻ ശ്രമിച്ചയാൾ തെലങ്കാനയിൽ അറസ്റ്റിലായി. തെലങ്കാന സെക്രട്ടേറിയേറ്റിൽ അസി. സെക്ഷൻ ഓഫീസറായ പാത്ത്ലോത് ധർമ(44)യാണ് ഏഴരക്കോടി രൂപയുടെ ഇൻഷുറൻസ് തുകയ്ക്കായി തന്റെ രൂപസാദൃശ്യമുള്ള മറ്റൊരാളെ കൊലപ്പെടുത്തിയത്. പിടികിട്ടാപ്പുള്ളിയായ സുകുമാരക്കുറുപ്പ് ചാക്കോ വധം ആസൂത്രണം ചെയ്ത അതേരീതിയിലായിരുന്നു തെലങ്കാനയിലെ സർക്കാർ ജീവനക്കാരനും കൃത്യം നടത്തിയത്. എന്നാൽ ദിവസങ്ങൾക്കുള്ളിൽ സംഭവം കൊലപാതകമാണെന്ന് പോലീസ് തെളിയിക്കുകയും കൃത്യം നടത്തിയശേഷം നാടുവിട്ട ധർമയെ പുണെയിൽനിന്ന് പിടികൂടുകയുമായിരുന്നു. ജനുവരി ഒമ്പതാം തീയതിയാണ് മേഡക് ജില്ലയിലെ വെങ്കട്ട്പുരിൽ കത്തിക്കരിഞ്ഞനിലയിൽ കാറും കാറിനുള്ളിൽ ഒരാളുടെ മൃതദേഹവും കണ്ടെത്തിയത്. സെക്രട്ടേറിയേറ്റ് ജീവനക്കാരനായ ധർമ അടുത്തിടെ വാങ്ങിയ പുതിയ കാറായിരുന്നു റോഡരികിൽ കത്തിച്ചാമ്പലായത്. നിയന്ത്രണംവിട്ട കാർ മറിഞ്ഞ് തീപിടിച്ചതാകുമെന്നായിരുന്നു പോലീസിന്റെ പ്രാഥമിക നിഗമനം. മരിച്ചത് സർക്കാർ ജീവനക്കാരനായ ധർമയാണെന്നും കരുതി. ഇയാളുടെ വസ്ത്രങ്ങളും തിരിച്ചറിയൽ രേഖകളും കാറിൽനിന്ന് കണ്ടെടുത്തിരുന്നു. മാത്രമല്ല, ഭാര്യ നീല മൃതദേഹം തിരിച്ചറിയുകയും ചെയ്തു. ഇതിനിടെ സംഭവസ്ഥലത്തുനിന്ന് പെട്രോൾ കുപ്പി കിട്ടിയതും പാതിക്കത്തിക്കരിഞ്ഞ മൃതദേഹത്തിലെ കാലിന്റെ ഭാഗവും സംശയത്തിനിടയാക്കി. ശാരീരികമായി കഠിനമേറിയ ജോലികൾ ചെയ്യുന്നയാളുടെ കാലുകളാണ് മരിച്ചയാളുടേതെന്ന് പോലീസ് ഉറപ്പിച്ചു. മാത്രമല്ല, സംഭവസ്ഥലത്തുനിന്ന് പെട്രോൾ നിറച്ച കുപ്പികൾ കിട്ടിയതിനാൽ അന്വേഷണം വ്യാപിപ്പിക്കാനും തീരുമാനിച്ചു. അന്വേഷണം വിപുലമാക്കിയതിന് പിന്നാലെ ധർമയുടെ ബന്ധുക്കളെയെല്ലാം പോലീസ് നിരീക്ഷണത്തിലാക്കിയിരുന്നു. ഇതിനിടെയാണ് നിസാമാബാദിൽനിന്നുള്ള സിസിടിവി ദൃശ്യങ്ങളിൽ 'മരിച്ച' ധർമയെ കണ്ടെത്തിയത്. മാത്രമല്ല, കാർ കത്തിയനിലയിൽ കണ്ടെത്തിയ സ്ഥലത്ത് ധർമയുടെ ബന്ധു ഇടയ്ക്കിടെ വന്നുപോയതിന്റെ തെളിവുകളും ലഭിച്ചു. ഇതോടെ ധർമയുടെ ബന്ധുക്കളുടെ ഫോണുകളെല്ലാം പോലീസ് കസ്റ്റഡിയിലെടുത്തു. ഈ സമയത്താണ് ഭാര്യയുടെ ഫോണിലേക്ക് അപ്രതീക്ഷിതമായൊരു സന്ദേശമെത്തിയത്. എത്രയും പെട്ടെന്ന് മരണ സർട്ടിഫിക്കറ്റ് വാങ്ങണമെന്നും ഇൻഷുറൻസ് തുക കിട്ടിയാലുടൻ വായ്പ കുടിശ്ശിക അടച്ചുതീർക്കണമെന്നുമായിരുന്നു സന്ദേശം. ഇതോടെ സന്ദേശം അയച്ച മൊബൈൽ നമ്പർ പരിശോധിക്കുകയും 'കൊല്ലപ്പെട്ട' ധർമയെ മഹാരാഷ്ട്രയിലെ പുണെയിൽനിന്ന് കൈയോടെ പിടികൂടുകയുമായിരുന്നു. അതേസമയം, കുടുംബത്തെ സന്ദർശിക്കാനായി പ്രതി നാട്ടിൽ എത്തിയപ്പോളാണ് പിടിയിലായതെന്നും റിപ്പോർട്ടുകളുണ്ട്. ലക്ഷ്യമിട്ടത് കോടികളുടെ ഇൻഷുറൻസ് തുക.. വിവിധ ഇൻഷുറൻസ് കമ്പനികളിൽനിന്ന് പോളിസി എടുത്തിരുന്ന ധർമ, താൻ മരിച്ചെന്ന് വരുത്തിതീർത്ത് 7.4 കോടി രൂപയുടെ ഇൻഷുറൻസ് തുക തട്ടിയെടുക്കാനാണ് പദ്ധതിയിട്ടതെന്ന് പോലീസ് പറഞ്ഞു. ഓഹരി വിപണിയിൽ വൻതോതിൽ പണം നിക്ഷേപിച്ചിരുന്ന പ്രതിക്ക് ഏകദേശം 85 ലക്ഷം രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടായിരുന്നു. ഇത് തീർക്കാനായാണ് ഇയാൾ വൻതുകയ്ക്ക് ഇൻഷുറൻസ് പോളിസികൾ എടുത്തത്. തുടർന്ന് കുടുംബാംഗങ്ങളുമായി ചേർന്നാണ് കൊലപാതകം ആസൂത്രണം ചെയ്തതെന്നും പോലീസ് പറഞ്ഞു. രൂപസാദൃശ്യമുള്ള മറ്റൊരാളെ കൊലപ്പെടുത്തി മരിച്ചത് താനാണെന്ന് വരുത്തിതീർക്കുകയായിരുന്നു പ്രതിയുടെ ലക്ഷ്യം. രൂപസാദൃശ്യമുള്ള ഒരാളെ തേടി പ്രതിയും ബന്ധുവായ ശ്രീനിവാസും വിവിധയിടങ്ങളിൽ കറങ്ങി. കഴിഞ്ഞ നവംബറിൽ നംമ്പള്ളി മെട്രോ സ്റ്റേഷനരിൽവെച്ചാണ് ഇത്തരത്തിലുള്ള ഒരാളെ ആദ്യം കണ്ടെത്തിയത്. കൂലിപ്പണിക്കാരനായ അഞ്ജയ്യയായിരുന്നു പ്രതികളുടെ കെണിയിൽവീണ ആദ്യത്തെയാൾ. തോട്ടത്തിൽ ജോലിയുണ്ടെന്ന് പറഞ്ഞ് മാസം 20000 രൂപ ശമ്പളവും വാഗ്ദാനം ചെയ്താണ് പ്രതികൾ അഞ്ജയ്യയെ നിസാമാബാദിലെ ലോഡ്ജ് മുറിയിലേക്ക് കൊണ്ടുപോയത്. എന്നാൽ ഇവിടെവെച്ച് അഞ്ജയ്യ മദ്യപിച്ചതോടെ പദ്ധതി പാളി. മരണസമയത്ത് ശരീരത്തിൽ മദ്യത്തിന്റെ സാന്നിധ്യം കണ്ടെത്തിയാൽ ഇൻഷുറൻസ് ക്ലെയിം തള്ളിപ്പോകുമെന്ന് പ്രതികൾ ഭയന്നു. ഇതോടെ അഞ്ജയ്യയെ ലോഡ്ജിൽ ഉപേക്ഷിച്ച് ധർമയും രണ്ടാം പ്രതിയായ ശ്രീനിവാസും കടന്നുകളയുകയായിരുന്നു. ജനുവരി ഒമ്പതാം തീയതി കൊല്ലപ്പെട്ട ബാബു എന്നയാളെ നിസാമാബാദ് റെയിൽവേ സ്റ്റേഷനിൽവെച്ചാണ് പ്രതികൾ കണ്ടെത്തിയത്. കൂലിപ്പണിക്കാരനായ ഇയാളെയും പ്രതികൾ കാറിൽ കയറ്റിക്കൊണ്ടുപോയി. തുടർന്ന് ഒരു ക്ഷേത്രത്തിൽ എത്തിച്ച് ധർമയെ പോലെ തല മൊട്ടയടിക്കുകയും ധർമയുടെ വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തു. അതേദിവസം രാത്രി തന്നെ ബാബുവുമായി വെങ്കട്ട്പുർ ഗ്രാമത്തിലേക്ക് പ്രതികൾ യാത്രതിരിച്ചു. അടുത്തിടെ വാങ്ങിയ പുതിയ കാറിലായിരുന്നു യാത്ര. ഇതിനിടെയാണ് ബാബുവിനെ പ്രതികൾ കോടാലി കൊണ്ട് തലയ്ക്കടിച്ച് കൊന്നത്. തുടർന്ന് മൃതദേഹം ഡ്രൈവർ സീറ്റിലേക്ക് മാറ്റുകയും കാർ പെട്രോളൊഴിച്ച് കത്തിക്കുകയുമായിരുന്നു. കേസിൽ ധർമയെ കൂടാതെ ബന്ധുവായ ശ്രീനിവാസ്, ഭാര്യ നീല എന്നിവരടക്കം അഞ്ചുപേരെയാണ് പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

# യുവതിയുടെ പരാക്രമം; ബോണറ്റിൽ യുവാവുമായി കാറോടിച്ചത് ഒരുകിലോമീറ്ററോളം ദൂരം

ബെംഗളൂരു: വാഹനങ്ങൾ കൂട്ടിയിടിച്ചതുമായി ബന്ധപ്പെട്ട തർക്കത്തിന് പിന്നാലെ ബോണറ്റിൽ അള്ളിപ്പിടിച്ച യുവാവുമായി യുവതി കാറോടിച്ചത് ഒരുകിലോമീറ്ററോളം ദൂരം. ബെംഗളൂരു നഗരത്തിലെ ജ്ഞാനഭാരതി നഗറിലാണ് വാഹനം തടയാൻ ശ്രമിച്ച യുവാവിനെ ബോണറ്റിൽവെച്ച് യുവതി റോഡിൽ പരാക്രമം കാട്ടിയത്. ഒരുകിലോമീറ്ററോളം ദൂരം ഇത്തരത്തിൽ യുവാവുമായി സഞ്ചരിച്ചതിന് ശേഷമാണ് യുവതി വാഹനം നിർത്തിയത്. പ്രിയങ്ക എന്ന യുവതിയാണ് നാട്ടുകാരെ മുൾമുനയിലാക്കി വാഹനവുമായി റോഡിലൂടെ ചീറിപ്പാഞ്ഞതെന്ന് പോലീസ് പറഞ്ഞു. ദർശൻ എന്നയാളാണ് യുവതിയുടെ കാറിന്റെ ബോണറ്റിൽ കുടുങ്ങിപ്പോയത്. ജ്ഞാനഭാരതി നഗറിൽവെച്ച് ഇരുവരുടെയും കാറുകൾ തമ്മിൽ കൂട്ടിയിടിച്ചിരുന്നു. അപകടത്തിന് പിന്നാലെ പ്രിയങ്കയും ദർശനും തമ്മിൽ തർക്കമുണ്ടായി. തുടർന്ന് യുവാവ് വാഹനം നിർത്താൻ ആവശ്യപ്പെട്ടെങ്കിലും അശ്ലീല ആംഗ്യം കാണിച്ച് കാറുമായി മുന്നോട്ടുപോകാനായിരുന്നു പ്രിയങ്കയുടെ ശ്രമം. ഇതോടെ കാറിന് മുന്നിലേക്കിറങ്ങി യുവാവ് തടയാൻ ശ്രമിച്ചു. എന്നാൽ ഇത് വകവയ്ക്കാതെ യുവതി കാർ മുന്നോട്ടെടുക്കുകയും യുവാവ് കാറിന്റെ ബോണറ്റിൽ അള്ളിപ്പിടിക്കുകയുമായിരുന്നു. പിന്നീട് യുവതി കാർ നിർത്തിയതിന് പിന്നാലെ യുവാവും സുഹൃത്തുക്കളും കാറിന്റെ ചിലഭാഗങ്ങൾ അടിച്ചുതകർക്കുകയും ചെയ്തു. സംഭവത്തിൽ പ്രിയങ്കയ്ക്കെതിരേ വധശ്രമം അടക്കമുള്ള വകുപ്പുകൾ ചുമത്തി കേസെടുത്തതായി പോലീസ് പറഞ്ഞു. യുവതിയുടെ പരാതിയിൽ ദർശനും സുഹൃത്തുക്കൾക്കും എതിരേയും കേസെടുത്തിട്ടുണ്ട്. സ്ത്രീത്വത്തെ അപമാനിക്കാൻ ശ്രമിച്ചു എന്നതടക്കമുള്ള വകുപ്പുകൾ ചുമത്തിയാണ് കേസ്.

# ജസീന്തയുടെ അപ്രതീക്ഷിത രാജി, പിന്നാലെ വിവാദ തലക്കെട്ട്; ക്ഷമാപണവുമായി ബി ബി സി

വെല്ലിംഗ്ടൺ: ന്യൂസിലാൻഡ് പ്രധാനമന്ത്രി ജസീന്ത ആർഡെണിന്റെ രാജി പ്രഖ്യാപനം സംബന്ധിച്ച വിവാദ തലക്കെട്ടിൽ ക്ഷമാപണവുമായി ബി ബി സി. 'ജസീന്ത ആർഡെൺ രാജിവയ്ക്കുന്നു, പെണ്ണിന് എല്ലാം സാധിക്കുമോ?' എന്നതായിരുന്നു തലക്കെട്ട്. ഇത് രൂക്ഷവിമർശനത്തിനിടയാക്കിയതോടെയാണ് തലക്കെട്ട് തെറ്റായിപ്പോയെന്ന് സമ്മതിച്ച് ബി ബി സി രംഗത്തെത്തിയത്. വ്യാഴാഴ്ചയാണ് തലക്കെട്ട് അടങ്ങുന്ന ലിങ്ക് ബി ബി സി ട്വീറ്റ് ചെയ്തത്. ഇതിനു പിന്നാലെ ഇത് ലിംഗവിവേചനമാണെന്നും സ്ത്രീവിരുദ്ധതയാണെന്നുമുള്ള ആരോപണങ്ങൾ ഉയർന്നിരുന്നു. ആരോപണങ്ങളെ തുടർന്ന് ബി ബി സി തലക്കെട്ട് മാറ്റുകയും പഴയ ട്വീറ്റ് ഡിലീറ്റ് ചെയ്യുകയും ചെയ്തു. തലക്കെട്ട് വാർത്തയ്ക്ക് അനുയോജ്യമല്ലെന്ന് മനസിലാക്കി അതിനനുസരിച്ച് അത് മാറ്റിയെന്നും അനുബന്ധ ട്വീറ്റുകളും ഇല്ലാതാക്കിയെന്നും ബി ബി സി വക്താവ് അറിയിച്ചു. അതേസമയം, പ്രധാനമന്ത്രി സ്ഥാനവും ലേബർപാർട്ടി നേതൃസ്ഥാനവും രാജിവയ്ക്കുമെന്ന് തീരുമാനത്തിൽ മാറ്റമില്ലെന്ന് ആവർത്തിച്ച് ജസീന്ത ആർഡേൺ രംഗത്തെത്തി. ഇതിൽ തനിക്ക് പശ്ചാത്താപമില്ലെന്നും കുടുംബത്തോടൊപ്പം കൂടുതൽ സമയം ചിലവഴിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും അവർ പറഞ്ഞു. ഫെബ്രുവരി ഏഴിനാണ് ജസീന്ത സ്ഥാനമൊഴിയുന്നത്. പുതിയ നേതാവിനെയും പ്രധാനമന്ത്രിയെയും തിരഞ്ഞെടുക്കാനുള്ള നടപടികൾ ലേബർ പാർട്ടി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. 2017ലാണ് ന്യൂസിലാൻഡിന്റെ പ്രധാനമന്ത്രിയായി ജസീന്ത അധികാരമേറ്റത്.



അന്ന് അവർക്ക് വെറും മുപ്പത്തിയേഴ് വയസ് മാത്രമായിരുന്നു പ്രായം. ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയായിരുന്നു അവർ.

# സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥന് സസ്പെൻഷനിലായ എ എസ് ഐയുടെ വധഭീഷണി, ഫോണിൽ അസഭ്യ വർഷവും

തിരുവനന്തപുരം:: സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥന് നേരെ സസ്പെൻഷനിലായ എ.എസ്.ഐ വധഭീഷണി മുഴക്കിയതായി പരാതി. കഴിഞ്ഞ ദിവസം സസ്പെൻഷൻ നടപടി നേരിടേണ്ടി വന്ന മംഗലപുരം എ.എസ്.ഐ ജയനാണ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ സാജിദിന് നേരെ വധഭീഷണി മുഴക്കിയത്. സ്പെഷ്യൽ ബ്രാഞ്ചിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തന്നെ സസ്പെൻഡ് ചെയ്തതെന്നാരോപിച്ചായിരുന്നു ഉദ്യോഗസ്ഥന് നേരെ വധഭീഷണി മുഴക്കിയത്. ഭീഷണിക്ക് പുറമെ അസഭ്യ വർഷവും നടത്തി. സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് കഴക്കൂട്ടം പൊലീസിൽ പരാതി നൽകി. ഗുണ്ടാ ബന്ധത്തിന്റെ പേരിൽ മംഗലപുരം സ്റ്റേഷനിലെ 31 പൊലീസുകാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. എസ്.എച്ച്.ഒ സജേഷിനെ നേരത്തെ സസ്പെൻഡ് ചെയ്തു, ബാക്കിയുള്ളവരെ സ്ഥലം മാറ്റി.

# ക്രിസ്മസ് പുതുവത്സര ബമ്പറിന്റെ 16 കോടി നേടിയ ആ ഭാഗ്യശാലിയെ കണ്ടെത്തി, പേരും മറ്റു വിവരങ്ങളും പുറത്തുവിടരുതെന്ന അഭ്യർത്ഥന സ്വീകരിച്ച് ലോട്ടറിവകുപ്പ്

തിരുവനന്തപുരം : ക്രിസ്മസ് പുതുവത്സര ബമ്പറായ 16 കോടി ലഭിച്ച ഭാഗ്യശാലിയെ കണ്ടെത്തി. പക്ഷേ ഭാഗ്യശാലി പേരും മറ്റ് വിവരങ്ങളും വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ലെന്ന് ലോട്ടറി വകുപ്പ് അറിയിച്ചു. ഒന്നാം സമ്മാനർഹമായ ടിക്കറ്റ് ഹാജരാക്കിയ ആൾ പേരും വിവരങ്ങളും പരസ്യമാക്കരുതെന്ന് ലോട്ടറി വകുപ്പിനോട് അഭ്യർത്ഥിച്ചു ഇതനുസരിച്ച് വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുമെന്ന് വകുപ്പ് വ്യക്തമാക്കി. വിവരാവകാശ അപേക്ഷ നൽകിയാലും പേരുവിവരങ്ങൾ അറിയാൻ കഴിയില്ല, പാലക്കാട് വിറ്റ എക്സ് ഡി 236433 ടിക്കറ്റിനാണ് ഒന്നാം സമ്മാനമായ 16 കോടി ലഭിച്ചത്. മധുസൂദനൻ എന്ന ഏജന്റാണ് ഒന്നാംസമ്മാനത്തിനർഹമായ ടിക്കറ്റ് വിറ്റത്. കേരള ലോട്ടറി ചരിത്രത്തിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ സമ്മാനത്തുകയാണ് ഇത്തവണ ക്രിസ്മസ് പുതുവത്സര ബമ്പറിന്റേത്. കമ്മീഷനും 30 ശതമാനം നികുതിയും കഴിഞ്ഞുള്ള തുക ഒന്നാംസമ്മാനം നേടിയ ആൾക്ക് ലഭിക്കും. 400 രൂപ വിലയുള്ള ടിക്കറ്റിന് രണ്ടാംസമ്മാനം ഒരു കോടി വീതം 10 പേർക്കും മൂന്നാം സമ്മാനം ഒരു ലക്ഷം വീതം 20 പേർക്കുമാണ്.











# നിക്ഷേപിക്കാം ഉയർന്ന പലിശയിൽ; നിരക്ക് ഉയർത്തി ഈ സ്വകാര്യ ബാങ്ക്

ദില്ലി: സ്വകാര്യ മേഖലയിലെ വായ്പാദാതാവായ ഇൻഡസ്ഇൻഡ് ബാങ്ക് 2 കോടിയിൽ താഴെയുള്ള സ്ഥിരനിക്ഷേപങ്ങളുടെ പലിശ നിരക്ക് വർധിപ്പിച്ചു. പുതുക്കിയ നിരക്കുകൾ 2023 ജനുവരി 19 മുതൽ പ്രാബല്യത്തിൽ വരും. പുതുക്കിയ നിരക്കുകൾ പ്രകാരം ബാങ്ക് ഇപ്പോൾ സാദാരണ ജനങ്ങൾക്ക് 3.50 ശതമാനം മുതൽ 7.00 ശതമാനം വരെയും മുതിർന്ന പൗരന്മാർക്ക് 4.00 ശതമാനം മുതൽ 7.75 ശതമാനം വരെയും പലിശ നിരക്കുകൾ വാഗ്ദാനം ചെയ്യുന്നു. ഏഴ് ദിവസം മുതൽ ഒരു മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് ബാങ്ക് 3.50 ശതമാനം പലിശനിരക്കും 45 ദിവസത്തിനുള്ളിൽ കാലാവധി പൂർത്തിയാകുന്ന നിക്ഷേപങ്ങൾക്ക് 4.ശതമാനം പലിശനിരക്കും വാഗ്ദാനം ചെയ്യുന്നു. 46 ദിവസം മുതൽ 60 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് 4.50 ശതമാനം പലിശയും 61 ദിവസം മുതൽ 90 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് 4.60 ശതമാനം പലിശയും നൽകും. 91 മുതൽ 120 ദിവസത്തിനുള്ളിൽ കാലാവധി പൂർത്തിയാകുന്ന നിക്ഷേപങ്ങൾക്ക് ഇപ്പോൾ 4.75 ശതമാനം പലിശ ലഭിക്കും. 121 മുതൽ 180 ദിവസത്തിനുള്ളിൽ കാലാവധി പൂർത്തിയാകുമ്പോൾ 5 ശതമാനം പലിശ ലഭിക്കും. 181 ദിവസം മുതൽ 210 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് ബാങ്ക് ഇപ്പോൾ 5.75 ശതമാനം പലിശ നിരക്ക് നൽകുന്നു, 211 ദിവസം മുതൽ 269 ദിവസം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 5.80 ശതമാനം പലിശ നിരക്ക് വാഗ്ദാനം ചെയ്യുന്നു. 270 ദിവസം മുതൽ 354 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് 6 ശതമാനം പലിശ നിരക്ക് ബാങ്ക് വാഗ്ദാനം ചെയ്യുന്നു, കൂടാതെ 355 ദിവസം മുതൽ 364 ദിവസം വരെയുള്ള ഡെപ്പോസിറ്റ് കാലയളവിന് ബാങ്ക് ഇപ്പോൾ 6.25 ശതമാനം പലിശ നിരക്ക് വാഗ്ദാനം ചെയ്യുന്നു. 1 വർഷം മുതൽ ഒന്നര വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 7 ശതമാനം പലിശയും ഒന്നര വർഷം മുതൽ 2 വർഷം വരെ കാലാവധിയുള്ളവയ്ക്ക് 7.25 ശതമാനം പലിശ നിരക്ക് ലഭിക്കും. 2 വർഷം മുതൽ 3 വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് ബാങ്ക് ഇപ്പോൾ 7.50 ശതമാനം പലിശയും 61 മാസത്തിൽ താഴെ വരെ കാലാവധിയുള്ളവയ്ക്ക് ഇൻഡസ്ഇൻഡ് ബാങ്ക് 7.25 ശതമാനം പലിശ നിരക്കും വാഗ്ദാനം ചെയ്യുന്നു.

# 380 ജീവനക്കാർ പുറത്തേക്ക്; ക്ഷമ ചോദിച്ച് സ്വിഗ്ഗി

ദില്ലി: ഫുഡ് ഡെലിവറി പ്ലാറ്റ്ഫോമായ സ്വിഗ്ഗി 380 ജീവനക്കാരെ പിരിച്ചുവിട്ടു. സാമ്പത്തിക പ്രതിസന്ധികളെ തുടർന്ന് ചെലവ് ചുരുക്കലിന്റെ ഭാഗമായാണ് പിരിച്ചുവിടൽ എന്നാണ് റിപ്പോർട്ട്. സ്വിഗിയുടെ 6,000 തൊഴിലാളികളിൽ നിന്നും എട്ട് മുതൽ പത്ത് ശതമാനം വരെയുള്ള തൊഴിലാളികളാണ് കമ്പനിയിൽ നിന്നും പുറത്തേക്ക് പോകുന്നത്.
ടീമിന്റെ വലുപ്പം കുറയ്ക്കുന്നതിനുള്ള വളരെ ബുദ്ധിമുട്ടുള്ള തീരുമാനമാണ് ഇപ്പോൾ നടപ്പിലാക്കുന്നത് എന്നും ഈ പ്രക്രിയയിൽ 380 ജീവനക്കാരോട് വിട പറയും എന്നും ജീവനക്കാർക്ക് അയച്ച കത്തിൽ സഹസ്ഥാപകൻ ശ്രീഹർഷ മജെറ്റി പറഞ്ഞു. വിപണിയിലെ വെല്ലുവിളി ജോലികൾ വെട്ടിക്കുറയ്ക്കാൻ ഒരു കാരണമായതായി അദ്ദേഹം പറഞ്ഞു. മാത്രമല്ല, ഭക്ഷ്യ വിതരണത്തിനുള്ള വളർച്ചാ നിരക്ക് മന്ദഗതിയിലാണെന്ന് അദ്ദേഹം പറഞ്ഞു.ഒരു പുനർ നിർമ്മാണത്തിനാണ് കമ്പനി ഒരുങ്ങുന്നത്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം കുറച്ച് മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്. സ്വിഗ്ഗി സൂചിപ്പിച്ച പ്രധാന കാരണങ്ങളിലൊന്ന് വിപണിയിലെ വെല്ലുവിളികളാണ്. ക്ഷ്യ വിതരണത്തിനുള്ള വളർച്ചാ നിരക്ക് കുറഞ്ഞു, ഇത് ലാഭം കുറയാനും വരുമാനം കുറയാനും ഇടയാക്കിയതായി കമ്പനി വെളിപ്പെടുത്തി. പിരിച്ചു വിട്ട ജീവനക്കാരോട് ക്ഷമ ചോദിക്കുന്നതായും കമ്പനി പറഞ്ഞു. ആഗോള തലത്തിൽ തന്നെ പിരിച്ചു വിടലുകൾ തുടന്നുകൊണ്ടിരിക്കുകയാണ്. മെറ്റാ, ട്വിറ്റർ, ആമസോൺ തുടങ്ങിയ ടെക് ഭീമന്മാർ കഴിഞ്ഞ കുറച്ച് മാസങ്ങളായി ആയിരക്കണക്കിന് ജീവനക്കാരെയാണ് പിരിച്ചുവിട്ടത്. 2023-ൽ ഇതുവരെ ലോകമെമ്പാടുമുള്ള 24,000-ത്തിലധികം തൊഴിലാളികളെ വിവിധ സ്ഥാപനങ്ങൾ പിരിച്ചുവിട്ടിട്ടുണ്ട്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ഷെയർചാറ്റ് 20 ശതമാനം ജീവനക്കാരെ പിരിച്ചുവിടാൻ ഒരുങ്ങന്നതായും റിപ്പോർട്ടുണ്ട്.

# സ്വർണത്തിന്റെ വാറ്റ് കുടിശിക: ഹൈക്കോടതി വിധിക്ക് സുപ്രീംകോടതിയുടെ സ്റ്റേ

കൊച്ചി: സംസ്ഥാനത്തെ സ്വർണ വ്യാപാരികളിൽ നിന്ന് മൂല്യ വർദ്ധിത നികുതിയുടെ (വാറ്റ്) കുടിശിക പിരിച്ചെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് സുപ്രീംകോടതിയിൽ തിരിച്ചടി.ചരക്ക്-സേവനനികുതി (ജി.എസ്.ടി) നടപ്പാക്കുന്നതിന് മുമ്ബുണ്ടായിരുന്ന വാറ്റിന്റെ കുടിശിക പിരിക്കുന്നതിനെതിരെ സ്വർണ വ്യാപാരികൾ ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി തള്ളിയിരുന്നു. ഇതിനെതിരെ സുപ്രീംകോടതിയിൽ നൽകിയ ഹർജിയിലാണ് സ്റ്റേ അനുവദിച്ചത്.മറ്റ് സംസ്ഥാനങ്ങളിൽ ജി.എസ്.ടിക്ക് മുമ്ബുള്ള നികുതി കുടിശിക എഴുതിത്തള്ളുകയോ വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടുണ്ട്. ജി.എസ്.ടിക്ക് മുമ്ബുള്ള വരുമാനനഷ്ടം കേന്ദ്രം നികത്തിയിട്ടുമുണ്ട്. വാറ്റ് കുടിശികയുടെ പേരിൽ സ്വർണവ്യാപാരികൾക്കുമേൽ ഊതിവീർപ്പിച്ച കണക്കുകളാണ് നികുതിവകുപ്പ് ഉദ്യോഗസ്ഥർ ചുമത്തിയിരുന്നതെന്ന് ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ) സംസ്ഥാന ട്രഷറർ അഡ്വ.എസ്.അബ്ദുൽ നാസർ പറഞ്ഞു. യഥാർത്ഥത്തിൽ പിഴവ് 10,000 രൂപയുടേതാണെങ്കിൽ ഒരുകോടി രൂപയുടെ അസെസ്മെന്റ് ഉദ്യോഗസ്ഥർ നടത്തും. സാമ്ബത്തികവർഷം മൂന്ന് ദിവസം മാത്രം പ്രവർത്തിച്ച സ്വർണ വ്യാപാരിക്ക് 195 കോടി രൂപയുടെ കുടിശിക ആവശ്യപ്പെട്ടുള്ള നോട്ടീസ് പോലും നൽകി. മറ്റ് കേസുകളുടെയും സ്ഥിതി ഇത്തരത്തിൽ സത്യത്തിന്റെ കണികപോലുമില്ലാത്തതാണെന്നും അദ്ദേഹം ചൂണ്ടിക്കട്ടി.
























# റിയൽ കാശ്മീർ എഫ്സിയെ തകർത്ത് ഗോകുലം കേരള എഫ്സി

മലയാളി മുന്നേറ്റതാരം ജോബി ജസ്റ്റിൻ അരങ്ങേറ്റം ഗംഭീരമാക്കിയ മത്സരത്തിൽ റിയൽ കാശ്മീർ എഫ്സിക്ക് എതിരെ ഗോകുലം കേരള എഫ്സിക്ക് അതിഗംഭീരവിജയം. കോഴിക്കോട് ഇ.എം.എസ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ മഞ്ഞുപുലികളുടെ പോരാട്ടവീര്യവുമായി എത്തിയ റിയൽ കാശ്മീർ എഫ്സിയെ തോൽപ്പിച്ചത് എതിരില്ലാത്ത രണ്ടു ഗോളുകൾക്ക്. ആദ്യ പകുതിയിൽ മലയാളി വിങ്ങർ താഹിർ സമാനിലൂടെയാണ് ഗോകുലം കേരള മത്സരത്തിൽ ലീഡ് എടുക്കുന്നത്. വിങ്ങിൽ നിന്ന് വിഎസ് ശ്രീക്കുട്ടൻ നൽകിയ പന്ത് താരം തലകൊണ്ട് ചെത്തി വലയിലേക്കിടുകയായിരുന്നു. ഏീസൗഹമാ ഗല്യമഹമ എഇ റലളലമേ ഞലമഹ ഗമവൊശ്യ എഇരണ്ടാം പകുതിയിൽ താഹിർ സമാനിനു പകരക്കാരനായി കളിക്കളത്തിൽ എത്തിയ ജോബി ജസ്റ്റിൻ ക്ലബിന് വേണ്ടിയുള്ള തന്റെ അരങ്ങേറ്റം അവിസ്മരണീയമാക്കി തീർത്തു. മധ്യനിര താരം ഒമർ റാമോസിൽ നിന്ന് ലഭിച്ച പന്ത് ജോബി ജസ്റ്റിൻ ഹെഡറിലൂടെ വലയിലേക്ക് എത്തിച്ച് ടീമിന്റെ ലീഡ് ഉയർത്തുകയായിരുന്നു. ഇന്ത്യയുടെ മുൻ നിര ക്ലബ്ബുകളായ ഈസ്റ്റ് ബംഗാളിന് വേണ്ടിയും എടികെ മോഹൻ ബഗാന് വേണ്ടിയും ചെന്നൈയിൻ എഫ്സിക്ക് വേണ്ടിയും ബൂട്ട് കെട്ടിയ താരത്തെ ഈ വരസത്തെ സമ്മർ ട്രാൻസ്ഫർ വിൻഡോയിലാണ് ഗോകുലം സൈൻ ചെയ്യുന്നത്.ഇന്നത്തെ വിജയത്തോടുകൂടി 21 പോയിന്റുകളുമായി ക്ലബ് ഐ ലീഗിന്റെ പോയിന്റ് ടേബിളിൽ മൂന്നാം സ്ഥാനത്തെത്തി. നിലവിൽ പോയിന്റ് ടേബിളിൽ ഒന്നാമതുള്ള ശ്രീനിധി ഡെക്കാൻ എഫ്സിയുമായി കേവലം 4 പോയിന്റ് വ്യത്യാസം മാത്രമാണ് ഗോകുലത്തിനുള്ളത്.

EDITORS CHOICE

# മൂന്ന് വർഷത്തിനിടയിൽ രാജ്യത്ത് നിന്ന് കണ്ടെത്തിയത് 256 ദിനോസർ മുട്ടകൾ

ദില്ലി: 2017നും 2020നും ഇടയിൽ നർമ്മദ താഴ്വരയിൽ നിന്ന് കണ്ടെത്തിയത് 256 ദിനോസർ മുട്ടകളുടെ ഫോസിലെന്ന് പഠനം. 92ഓളം ഇടങ്ങളിൽ നിന്നായാണ് ഇവ കണ്ടെത്തിയതെന്നാണ് ഈ ആഴ്ച പുറത്ത് വന്ന പഠനം വിശദമാക്കുന്നത്. നർമ്മദ താഴ്വരയിൽ നിന്നും സമാന രീതിയിലുള്ള പഠനം ആദ്യമായാണെന്നും ഗവേഷകർ പറയുന്നു. ദില്ലി സർവ്വകലാശാലയിൽ നിന്നുള്ള ഗവേഷകരുടേതാണ് കണ്ടെത്തൽ. ടൈറ്റാനോസറസ് വിഭാഗത്തിൽ വരുന്ന സൌരോപോഡ് ഇനത്തിലുള്ള ദിനോസറുകളുടെ മുട്ടകളാണ് നീളമുള്ള കഴുത്തുകളോട് കൂടിയവയും ചെറിയ തലയും നീളമുള്ള വാലുകളും തൂണുകൾ പോലുള്ള കാലുകളുമുള്ളവയാണ് ഇവ. ഇവയെന്നാണ് കരുതപ്പെടുന്നത്.മധ്യപ്രദേശിലെ ബാഗ് കുക്ഷി ഗ്രാമത്തിനടുത്ത് നിന്നാണ് ഇവ കണ്ടെത്തിയിരിക്കുന്നത്. മുട്ടകൾ കൂട്ടമായുള്ള അവസ്ഥയിലും ചിലത് പൊട്ടിച്ചിതറിയ നിലയിലുമുള്ള ഫോസിലുകളാണ് കണ്ടെത്തിയിട്ടുള്ളത്. സൌരോപോഡ് ഇനത്തിലുള്ള ദിനോസറുകളുടെ മുട്ടയിടുന്ന രീതിയിലേക്ക് വെളിച്ചം വിതറുന്നതാണ് കണ്ടെത്തലെന്നാണ് ഗവേഷകർ വിശദമാക്കുന്നത്. ഇവയുടെ പ്രത്യുൽപാദന രീതികളേക്കുറിച്ച് ധാരണ നൽകാനും കണ്ടെത്തൽ സഹായകരമാകുമെന്നാണ് വിലയിരുത്തുന്നത്. ക്രെറ്റേഷിയസ് കാലഘട്ടത്തിൻറെ അവസാനമാണ് ഇവ ജീവിച്ചിരുന്നതെന്നാണ് വിലയിരുത്തുന്നത്. ഇവയുടെ ഫോസിലുകൾ അൻറാർട്ടിക്ക ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. ടൈറ്റാനോസറസ് എന്ന വിഭാഗത്തിലുള്ള ഇത്തരം ദിനോസറുകളുടെ 40ഓളം സ്പീഷ്യസ് ഉണ്ടെന്ന് കണക്കാക്കുമ്പോൾ പോലും അവയിൽ നിന്ന് 6 ഉപവിഭാഗങ്ങളെ മാത്രമാണ് ഇതിനോടകം തിരിച്ചറിയാൻ സാധിച്ചിട്ടുള്ളത്.മേഖലയിൽ ടൈറ്റാനോസറസ് വിഭാഗത്തിലുള്ള മറ്റ് ദിനോസറുകളേയും കാണാനുള്ള സാധ്യത ഗവേഷകർ തള്ളുന്നില്ല. ഇവയുടെ മുട്ടയിടുന്ന പാറ്റേണിന് മുതലകളുടേതുമായി ഏറെ സാമ്യതയുള്ളതെന്നാണ് ഗവേഷകർ വിശദമാക്കുന്നുണ്ട്. മുതലകളുടേതിന് സമാനമായി ചെറിയ മൺകുഴികളിലാണ് ഇവയും നിക്ഷേപിച്ചിരുന്നത്. മണ്ണിൽ നിന്നുള്ള ചൂടും സോളാർ റേഡിയേഷനും ഉപയോഗിച്ചായിരുന്നു ഇവ വിരിഞ്ഞിരുന്നതെന്നാണ് പഠനം വിദഗ്ധമാക്കുന്നത്. വെള്ളപ്പൊക്കമോ പാരിസ്ഥിതികമോ ആയ കാരണങ്ങൾ കൊണ്ട് മുട്ടകളിൽ പലതും വിരിഞ്ഞിട്ടില്ലെന്നും പഠനം വിശദമാക്കുന്നു. തടാകങ്ങളോ ചതുപ്പുകളോടോ ചേർന്ന മേഖലയിലാണ് ഇവ കണ്ടെത്തിയിരിക്കുന്നതും. ഭ്രൂണത്തിൻറേയോ ദിനോസർ കുഞ്ഞുങ്ങളുടേയോ മുിർന്ന് ദിനോസറുകളുടേയോ ഫോസിലുകൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടില്ലെന്നും പഠനം വിശദമാക്കുന്നു.













RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com